KOTTAYAM PUBLIC LIBRARY

Call No. M 200 Acc. No. 14173

Author മണലി

Title സ്നേഹദാസ്യം

863

6

14138

# സ്നേഹദാസ്യം

മണലി

BR. ★ NATIONAL BOOK STALL KOTTAYAM
SPCS LTD.

St. Joseph's Press, Mannanam. 1951.

കുസുമങ്ങൾ, No. 91

Cum Permissu Superiorum

# പ്രസ്താവന

ഒരു പ്രോട്ടസ്റ്റന്റു സ്നേഹിതൻ ഒരിക്കൽ പറയുകയുണ്ടായി: "കത്തോലിക്കരെപ്പോലെ, കുർബാനയിലുള്ള യഥാർത്ഥവിശ്വാസം എനിക്കുണ്ടായിരുന്നെങ്കിൽ ഒരു ദൈവാലയത്തിൽത്തന്നെ സദാ വസിക്കുവാൻ ഞാൻ നിർബന്ധിതനായേനേ" എന്നു്. ഈ പ്രസ്താവത്തിനായി ആ സ്നേഹിതനെ പ്രേരിപ്പിച്ച ആത്മാർത്ഥതയെക്കുറിച്ചു ചോദ്യം ചെയ്യുവാൻ പ്രേരിതനാവുന്നെങ്കിലും ഒരു കാര്യം അവഗണിക്കാൻ എനിക്കു സാധിക്കുന്നില്ല. കത്തോലിക്കരോടുള്ള ഒരു വെല്ലുവിളിയാണിതു്, തങ്ങൾ വിശ്വസിക്കുന്നതു പ്രായോഗികമാക്കിക്കാണിച്ചുകൊടുക്കാൻ. കത്തോലിക്കരെ ലജ്ജിപ്പിക്കേണ്ട ഒരു സൂചന അതുൾക്കൊള്ളുന്നുണ്ടു്. ദിവ്യകാരുണ്യത്തോടു വേണ്ടത്ര ഭക്തിയും സ്നേഹവും അവർ പ്രദർശിപ്പിക്കുന്നില്ലായെന്നു്; അല്ലായിരുന്നെങ്കിൽ സ്നേഹനാഥനെ സന്ദർശിക്കുന്നതിൽ, സ്വീകരിക്കുന്നതിൽ, അവിടുത്തോടു ബഹുമാനം പ്രദർശിപ്പിക്കുന്നതിൽ, നാം കുറച്ചുകൂടി ശ്രദ്ധപതിച്ചേനേയെന്നു.

ഈശോയ്ക്കു മനുഷ്യരാശിയോടുള്ള സ്നേഹം— പ്രത്യേകിച്ച് വി. കുർബാനയുടെ സ്ഥാപനം വഴിയായി അവിടുന്നു് പ്രത്യക്ഷപ്പെടുത്തുന്ന സ്നേഹം— അപരിമിതമാണ് അവിടുന്നു അപരിമേയനായിരിക്കുന്നതുപോലെ, പരിധിരഹിതമാണ് നിത്യത്വത്തെപ്പോലെ!

ഗാഗുൽത്തായിലെ കുരിശിൽ നമുക്കുവേണ്ടി തന്നെത്തന്നെ ബലിയായി അർപ്പിച്ചുകൊണ്ടോ, ദിവ്യകാരുണ്യത്തിൽ സ്വന്തമാംസരക്തങ്ങളെ നമുക്കു ഭക്ഷണമായി നല്കിക്കൊണ്ടോ മാത്രം ആ സ്നേഹം സംതൃപ്തമാകുന്നില്ല. നമ്മെ പരിപാലിക്കുന്നതിനും ധൈര്യപ്പെടുത്തുന്നതിനുമായി, പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി, വീഴ്ചകളിൽ നമ്മെ താങ്ങിക്കൊള്ളുന്നതിനായി സദാ നമ്മോടു സഹവസിക്കുവാൻ, അനന്ത

ജ്ഞാനമാകുന്ന അവിടുന്ന് ഒരു മാർഗ്ഗം കണ്ടുപിടിച്ചു. അതാണ് വി. കുർബ്ബാന!

നമ്മെ സൃഷ്ടിച്ചു സംരക്ഷിക്കുന്ന സജീവ ദൈവത്തിന്റെ പുത്രൻ, വിധിദിവസം നമ്മെ വിധിക്കുവാനിരിക്കുന്ന നിത്യവിധിയാളൻ, അനന്ത സ്വർഗ്ഗീയ സൗഭാഗ്യത്തിന്റെ ഏകനിദാനം, നമ്മുടെ അൾത്താരകളിലെ സക്രാരികളിൽ അഹോരാത്രം സന്നിഹിതനായിരിക്കുന്നു.

സ്വർഗ്ഗവാസികളുടെ മഹാഭാഗ്യത്തെപ്പററി നാമെന്തിന്ന് അസൂയാകലുഷിതരാകണം. അവരുടെ ആനന്ദം നമുക്കും സുലഭ്രാപ്യമായിരിക്കുമ്പോൾ? അവർക്കു സ്വർഗ്ഗത്തിലുള്ളതു മുഴുവൻ നമുക്കു ദൈവാലയങ്ങളിലുണ്ട്. അവർ ഈശോയെ അഭിമുഖമായി ദർശിക്കുന്നു. നാമും ദിവ്യകാരുണ്യത്തിൽ അവിടുത്തെ യഥാർത്ഥമായി കാണുന്നു— വിശ്വാസമാകുന്ന നയനങ്ങൾ വഴി!

ഫ്റാൻസുരാജാവായ വി. ലൂയീസിന്റെ സജീവ വിശ്വാസത്തിന്റെ ഒരു പ്രതിഛായയെങ്കിലും നമുക്കുണ്ടായിരുന്നെങ്കിൽ, മിശിഹായുടെ വി. കുർബാനയിലെ യഥാർത്ഥ സാന്നിദ്ധ്യത്തെപ്പററി!

ഒരിക്കൽ, ദിവ്യരക്ഷകൻ, തിരുവോസ്തിയിൽ ഒരു ശിശുവിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. ഈ അത്ഭുതം ദർശിക്കുന്നതിനായി വി. ലൂയിസു ക്ഷണിക്കപ്പെട്ടു. "യഥാർത്ഥസാന്നിദ്ധ്യത്തെപ്പററി സംശയിക്കുന്നവർ പോയിക്കാണട്ടെ" അദ്ദേഹം തന്നെ ക്ഷണിച്ചവരോടു പറഞ്ഞു. "അവിടുത്തെ യഥാർത്ഥത്തിൽ കാണുന്നതിനേക്കാൾ ഇക്കാര്യം ഞാൻ വിശ്വസിക്കുന്നുണ്ട്." ദിവ്യസക്രാരിയുടെ മുമ്പിൽ നാം മുട്ടുകുത്തി നില്ക്കുമ്പോൾ, ഏതാദൃശമായ സുദൃഢവിശ്വാസം നമുക്കുണ്ടായിരുന്നെങ്കിൽ!

"...ഈ പെസഹാ നിങ്ങളോടുകൂടി ഭക്ഷിക്കാൻ ഞാൻ തീവ്രമായി ആഗ്രഹിച്ചു" എന്നുള്ള വാക്യത്തിൽ പ്രകടമാകുന്നുണ്ട് ദിവ്യകാരുണ്യസ്ഥാപനത്തിൽ ഈശോയ്ക്കുണ്ടായിരുന്ന അതിവാഗ്രഹം. നമ്മോടുകൂടി സദാ വസിക്കുന്നതിന് അവിടുത്തേക്കുള്ള ആഗ്രഹം എത്ര ഹൃദയസ്പൃക്കമായ രീതിയിലാണ് അവിടുന്നു പ്രത്യക്ഷപ്പെട

ക്കുന്നത്. "മനുഷ്യപുത്രനോടുകൂടി വസിക്കുന്നതിലാണ് എൻെറ ആനന്ദം." ദൈവദൂതരുടേയും സ്വർഗ്ഗവാസികളുടേയും ശ്രുതിമധുരമായ സ്തോത്രഗീതാലാപത്തെ വെടിഞ്ഞുകൊണ്ട്, നികൃഷ്ടരായ മനുഷ്യരോട്, കൃതഘ്നരായ മനുഷ്യരോടു സഹവസിക്കുന്നതിനത്രെ അവിടുന്നു അഗ്രഹിക്കുന്നത്. ഇപ്രകാരമുള്ള ഒരു ദൈവത്തെ ഉപദ്രവിക്കുവാൻ നമുക്കെങ്ങനെ മനസ്സുവരും?

"എൻെറ പക്കൽ വരുക" സക്രാരിയിൽ ഇരുന്നുകൊണ്ട് ഈശോ നാഥൻ ക്ഷണിക്കുന്നു ദുഃഖിതരും ഭാരം വഹിക്കുന്നവരും എന്നെ സമീപിക്കുക" സൗഭാഗ്യപൂർണ്ണമായ ക്ഷണം! "നന്മയുടെ ഉറവയായ ദൈവത്തിൻെറ പക്കലേക്കു വരുക, ഭയപ്പെടേണ്ടാ; സങ്കോചലേശമെന്യേ സകലരും എന്നെ സമീപിക്കുക; ആരേയും ഞാൻ തള്ളിക്കളയുകയില്ല; ആരേയും പരിത്യജിക്കുകയുമില്ല. പ്രത്യേകിച്ചു പാവങ്ങളും ദുഃഖിതരും എന്നെ സമീപിക്കുക— ഭാരം വഹിക്കുന്നവരും ക്ലേശം സഹിക്കുന്നവരും; പാപച്ചെളിയിൽ അണ്ടിരിക്കുന്നവരും നിരാശാഗർത്തത്തിൽ നിപതിച്ചിരിക്കുന്നവരും; ഞാൻ എല്ലാവരേയും ആശ്വസിപ്പിക്കാം; നിരാശർക്കു ധൈര്യം നൽകാം; തകർന്ന ഹൃദയങ്ങളിൽ ആശ്വാസാമൃതം പകരാം; പാപക്കറകളെ കഴുകിക്കളയാം; അനുതാപികൾക്കു പാപവിമോചനം നല്കാം." എത്ര കരുണാപൂർണ്ണമായ, സ്നേഹപുരസ്സരമായ ക്ഷണം!

വീണ്ടും, ദിവ്യസക്രാരിയിൽനിന്നു രക്ഷാനാഥൻ അരുളിച്ചെയ്യുന്നു: "ഇതത്രെ എന്നന്നേക്കുമുള്ള എൻെറ വാസസ്ഥാനം; ഇവിടെ ഞാൻ എന്നുമെന്നും വസിക്കും; എന്തെന്നാൽ, ഇതു ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു." ഉവ്വ, സ്വർഗ്ഗീയ സൗഭാഗ്യങ്ങൾ ഉപേക്ഷിച്ചിട്ട്, ദൈവദൂതരുടെ സഹവാസത്തെ പരിത്യജിച്ചിട്ട് മനുഷ്യരുടെ ഇടയിൽ അവിടുന്നു തൻെറ ആനന്ദം കണ്ടെത്തിയിരിക്കുന്നു. "എൻെറ നയനങ്ങളും ഹൃദയവും അവിടെ ആയിരിക്കും എപ്പോഴും." ഏവർക്കും ഏതു സമയവും അവിടുത്തെ സമീപിക്കാം ഭയലേശമെന്യേ!

ദിവ്യകാരുണ്യമാകുന്ന വിശുദ്ധാത്മാക്കളുടെ ജീവൻ; പ്രേഷിതവേലയുടെ ശക്തിനികേതനം; സുകൃതജീവിതത്തിൻെറ സംഭരണശാല. "സ്നേഹത്തിൻെറ ക്രദാശ; സ്നേഹത്തിൻെറ അച്ചാരം" എന്നത്രെ ഇതിനെപ്പററി വി. തോമസ് അക്വിനാസ് പറഞ്ഞിരിക്കുന്നത്. വി. പീററർ അലക്കാന്തറാ പറയുന്നു: "...ദിവ്യയീശോയ്ക്കു നമ്മോടുള്ള സ്നേഹം അവാച്യമാണ്. തൻെറ അസാന്നിദ്ധ്യത്താൽ നാം അവിടുത്തെ വിസ്മരിച്ചുകളയാതിരിപ്പാൻ, തൻെറ സ്നേഹത്തിൻെറ സ്മാരകമായി ദിവ്യകാരുണ്യത്തെ അവിടുന്നു സ്ഥാപിച്ചു."

വി. അല്ഫോൻസ് ലിഗോരിയുടെ ഓരോ വാക്കും, അദ്ദേഹത്തിനു ദിവ്യകാരുണ്യനാഥനോടുള്ള അനന്യസാധാരണമായ സ്നേഹപ്രകർഷത്തേയും ഭക്തിപ്രചുരിമയേയും പ്രസ്പഷ്ടമാക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: "ദിവ്യകാരുണ്യത്തെക്കാൾ അഭികാമ്യമായ ഒരു നിധിയോ അമൂല്യമായ ഒരു രത്നമോ ഇല്ലതന്നെ. ദിവ്യകാരുണ്യസന്നിധിയിൽ ചെലവഴിക്കുന്ന മണിക്കൂറുകളായിരിക്കും നമ്മുടെ ജീവിതത്തിലെ ഏററം സൗഭാഗ്യപ്രദമായ സമയം. ഐഹിക ജീവിതത്തിൽ അനുഗ്രഹകാരണവും, മരണവേളയിൽ സമാശ്വാസദായകവുമായിരിക്കും അവ. സക്രാരിക്കുമുമ്പിൽ ധ്യാനനിരതമായി കഴിച്ചുകൂട്ടുന്ന കാൽമണിക്കൂറായിരിക്കും, ദിവസം മുഴുവനിലുമുള്ള മററു ഭക്തകൃത്യങ്ങളേക്കാൾ ഉപകാരപ്രദവും..."

യാഥാർത്ഥ്യം ഇങ്ങനെ ഇരിക്കെ, നമ്മുടെ ദൈവാലയങ്ങൾ പലപ്പോഴും വിജനങ്ങളായി കാണപ്പെടുമ്പോൾ, സ്നേഹഭാഗ്യമനുഭവിക്കുന്ന ദിവ്യയീശോ മിക്കപ്പോഴും ഏകാന്തനായിരിക്കുന്നതായി കാണപ്പെടുമ്പോൾ, നമ്മുടെ വിശ്വാസ ദാർഢ്യത്തെപ്പററി അകത്തോലിക്കർ ചോദ്യം ചെയ്യാൻ മുതിരുന്നെങ്കിൽ, എന്തിനു വിസ്മയിക്കണം? ഒരു കത്തോലിക്കനെങ്കിലും തൻെറ ഈ കൃത്യവിലോപത്തെ ഗ്രഹിച്ച്, തൽപരിഹാരാർത്ഥം ശ്രമിക്കാൻ ഈ ലഘുഗ്രന്ഥം കാരണമാകുന്നെങ്കിൽ ഈയുള്ളവൻ കൃതാർത്ഥനായി.

# സ്നേഹദാസ്യം

## 1. ഈശോ എന്നെ സ്നേഹിക്കുന്നു.

എന്റെ ചുററുമുള്ള സകലത്തേയും വിസ്മരിച്ചിട്ട്, കുറച്ചുസമയത്തേക്ക് എന്റെ ഈശോയെക്കുറിച്ചുമാത്രം ചിന്തിക്കുവാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ! 'ഈശോ എന്നെ സ്നേഹിക്കുന്നു' എന്ന തത്വത്തിൽ എന്റെ ആത്മശക്തികളെയൊക്കെയും കേന്ദ്രീകരിക്കാൻ സാധിച്ചിരുന്നെങ്കിൽ! എങ്കിൽ സ്നേഹനാഥൻ എനിക്കുവേണ്ടി ചെയ്തിട്ടുള്ള അത്ഭുതകൃത്യങ്ങളുടെയെല്ലാം പൂൎണ്ണരൂപം ഞാൻ ഗ്രഹിച്ചേനേ; അവിടുത്തോടുള്ള പ്രതിസ്നേഹത്താൽ എന്റെ ആത്മാവ് കത്തിജ്വലിച്ചേനേ; ഹൃദയം തുടിച്ചേനേ; അവിടുത്തെ നിസ്സീമ സ്നേഹത്തെക്കുറിച്ചുള്ള അജ്ഞതയാണ്, അഥവാ അവഗണനയാണ് എന്നെ ഇത്ര മന്ദഭക്തനും, സ്നേഹരഹിതനുമാക്കിയിരിക്കുന്നത്. അവിടുന്നെന്നെ അനന്തമായി സ്നേഹിക്കുന്നെന്ന് എനിക്കു പൂൎണ്ണമായി ബോധപ്പെട്ടാൽ, അവിടുത്തെ സ്നേഹിക്കാതിരിക്കുവാൻ എനിക്കു സാധിക്കുമോ? എന്റെ പൂൎണ്ണ ഹൃദയത്തോടുകൂടി, ആത്മാവിന്റെ സകല ശക്തികളോടുംകൂടി അവിടുത്തെ സ്നേഹിക്കാതിരിക്കാൻ എനിക്കു കഴിയുമോ?... ആത്മാവേ, തന്മൂലം, ഈശോയെക്കുറിച്ചു നമുക്കു കുറച്ചു ചിന്തിക്കാം......

പച്ചവില്ലീസുടുത്ത ശാദ്വലപ്രദേശങ്ങളും, വെണ്മഞ്ഞു പുതച്ച ഗിരിശൃംഗങ്ങളും സൃഷ്ടിക്കപ്പെടുന്നതിനു

മുമ്പ്, താരഗണങ്ങളാൽ അലംകൃതവും നിരഭ്രനിർമ്മലവുമായ ആകാശദേശത്തെയും സ്നേഹഗീതാലാപം ചെയ്തുകൊണ്ടു മന്ദഗമനം ചെയ്യുന്ന തടിനീതരുണികളേയും നിർമ്മിക്കുന്നതിനു വളരെ മുമ്പ്, സ്വർഗ്ഗീയ കീർത്തനങ്ങൾ സദാ ആലപിക്കുന്ന വാനദൂതഗണവും സംസൃഷ്ടമാകുന്നതിനു മുമ്പ്, ദൈവം എന്നെപ്പററി ചിന്തിച്ചു; സ്നേഹപൂർവ്വം അവിടുന്നെന്നെക്കുറിച്ച് സ്മരിച്ചു; നിത്യത്വത്തിൽനിന്ന് അവിടുത്തെ കരുണാകടാക്ഷം എന്റെമേൽ പതിച്ചു; ഞാൻ അവിടുത്തെ സ്നേഹപാത്രവുമായി!! ഞാൻ സൂര്യപ്രകാശം കാണുന്നതിനു വർഷങ്ങൾ പതിനായിരക്കണക്കിന് ഇനിയും കടന്നുപോകണം; എങ്കിലും അവിടുന്നെന്നെ സ്നേഹിച്ചു!! ദിവ്യഭോജനത്തിനായി അൾത്താരയഴിയ്ക്കൽ ഞാൻ മുട്ടുകുത്തുന്ന ആ മംഗലമുഹൂർത്തത്തിനുവേണ്ടി ഉന്നതത്തിൽനിന്നിറങ്ങി എന്റെ പാവപ്പെട്ട ഹൃദയത്തിൽ സ്വമഹത്വം ഗോപനം ചെയ്യുവാൻ അവിടുത്തേക്കു കഴിയുന്ന ആ സൗഭാഗ്യനിമിഷത്തിനുവേണ്ടി അവിടുന്നു വെമ്പൽപൂണ്ടു!!

രക്തവിയർപ്പ്, ചമ്മട്ടിയടി, ക്രൂരമരണം ഇവയൊക്കെ അവിടുത്തേയ്ക്കു സഹിക്കേണ്ടിയിരുന്നു, എന്റെ പാവപ്പെട്ട ഹൃദയത്തിൽ എഴുന്നള്ളിവരാൻ. പ്രേമഭാജനങ്ങളുടെ വഞ്ചന, കഠിനഹൃദയരുടെ ദൈവദോഷങ്ങൾ, മന്ദഭക്തരുടെ അശ്രദ്ധ, കൃതഘ്നനായ എന്റെ പാപങ്ങൾ, ഇവയൊന്നും അവിടുത്തെ പ്രതിനിവർത്തിപ്പിച്ചില്ല, ആ സ്നേഹസംരംഭത്തിൽനിന്ന്! .. ഇവയെല്ലാം അവിടുന്നു സഹിച്ചു എന്നോടുള്ള സ്നേഹത്തെപ്രതി; സന്തോഷപൂർവ്വം സഹിച്ചു എന്നോടുള്ള ഐക്യത്തിനുവേണ്ടി!

ഇതാ, അവിടുന്നിപ്പോൾ ഒരപ്പക്കഷണമായി, എന്റെ സമീപം, അഥവാ, എന്റെ ഹൃദയത്തിൽ, സന്നിധി ചെയ്യുന്നു... എന്നെ സ്നേഹിക്കുന്ന, നിത്യത്വംമുതൽ എന്നെ സ്നേഹിച്ച ഈശോ, എന്റെ ഹൃദയ

ത്തിൽ!... എന്നാൽ, ഇപ്പോഴം എൻെറ സ്ഥിതിയോ?... നാഥാ...

X X X

ഈശോയുടെ വ്യക്തിപരമായി എന്നോടുള്ള സ്നേഹം! അവിടുന്നെന്നെ സ്നേഹിക്കുന്നു, ലോകത്തിൽ മററൊന്നും അവിടുത്തേക്കു സ്നേഹവിഷയമായിട്ടില്ലാത്താലെന്നതു പോലെ... മററുള്ളവരോടുള്ള അവിടുത്തെ സ്നേഹം എന്നോടുള്ള സ്നേഹത്തെ അണുമാത്രമെങ്കിലും കുറയ്ക്കുന്നില്ല, ഭാഗിക്കപ്പെട്ട തിരുവോസ്തി ഉൾക്കൊള്ളുന്നതുകൊണ്ട് ഈശോയുടെ സാന്നിദ്ധ്യം അപൂർണ്ണമാകാത്തതുപോലെ അവിടുത്തെ സ്നേഹവിഷയമായി ലോകത്തിൽ മററൊന്നുമില്ലെങ്കിൽത്തന്നെയും, ഇപ്പോൾ അവിടുന്നെന്നെ സ്നേഹിക്കുന്നതിൽ കൂടുതലായി അവിടുത്തേക്ക് എന്നെ സ്നേഹിക്കാൻ കഴിയുകയില്ലായിരുന്നു; അത്ര പരിപൂർണ്ണമായി, തൻെറ ദിവ്യഹൃദയത്തെ അവിടുന്നെനിക്കു നല്കുന്നു, വി. കുർബ്ബാനയിൽ! സ്വർഗ്ഗസൗഭാഗ്യമോ വാനദൂതഗണങ്ങളുടെ സ്തോത്രഗീതങ്ങളോ, വിശുദ്ധാത്മാക്കളുടെ നിർമ്മലാരാധനയോ ഒന്നും എന്നോടുള്ള അവിടുത്തെ സ്നേഹത്തിൻെറ തീക്ഷ്ണതയ്ക്ക് ഒട്ടുംതന്നെ മാന്ദ്യം വരുത്തുന്നില്ല... എന്നാൽ, എൻെറ സ്ഥിതിയോ? എന്നെപ്പോലെ നിസ്സാരനായ ഒരു സൃഷ്ടിയുടെ പ്രശംസാദ്യോതകമായ ഒരു വാക്കു മതി! അവിടുത്തെ ഞാൻ വിസ്മരിക്കാൻ; സ്നേഹവീക്ഷണം മതി അവിടുത്തെ അവഗണിക്കാൻ; പ്രേമപ്രകടനം മതി, എൻെറ ഹൃദയത്തിൽനിന്ന് അവിടുത്തെ ആട്ടിപ്പായിക്കാൻ; അവിടുത്തേക്കെതിരായി എൻെറ ഹൃദയകവാടം ബന്ധിക്കുവാൻ; പകരം, ആ നികൃഷ്ടജീവിക്ക് അതു പൂർണ്ണമായി അടിയറ വയ്ക്കാൻ. നാലു കാശിനു വിലപ്പിടിപ്പില്ലാത്ത സമ്പാദ്യം മതി അവിടുത്തെക്കുറിച്ചുള്ള ചിന്തയിൽ നിന്നെന്നെ വ്യതിചലിപ്പിക്കാൻ! ഹാ! എൻെറ നാഥാ......!

X X X

ഈശോയും ഞാനും! എന്തൊരന്തരം? എങ്കിലും, എന്തൊരൈക്യം? സുദൃഢവും അഭേദ്യവുമായ ഐക്യം!

സ്നേഹത്തിന്റെ തനിനിറം ദിവ്യകാരുണ്യത്തിൽ മാത്രമേ പൂർണ്ണമായി പ്രത്യക്ഷപ്പെടുന്നുള്ളു. എന്റെ അയോഗ്യതയുടെ അത്യഗാധത്തിലേക്കവിടുന്ന് അവരോഹണം ചെയ്യുന്നു. തന്റെ മഹത്വത്തിന്റെ ഉത്തുംഗശൃംഗത്തിലേക്കെന്നെ ആരോഹണം ചെയ്യിക്കാൻ! .. ഈശോയും ഞാനും! സ്വർഗ്ഗാധിനാഥൻ പാവപ്പെട്ട എന്നെ സ്നേഹിക്കുന്നെന്നോ? അജ്ഞതമാത്രമാകുന്ന ഞാൻ അനന്തബോധജ്ഞാനത്താൽ സ്നേഹിക്കപ്പെടുന്നെന്നോ? ആത്മാവിലും ശരീരത്തിലും വിരൂപനായ ഞാൻ അനന്ത സൗന്ദര്യത്തിന്റെ നിസ്സീമസ്നേഹം ആർജ്ജിച്ചെന്നോ?... അതേ, അതുതന്നെ; ഈശോ എന്നെ സ്നേഹിക്കുന്നു!... നാഥാ, അവിടുന്നെത്രയോ നല്ലവൻ! എത്രയോ സ്നേഹയോഗ്യൻ!... എന്റെ ഹൃദയം മുഴുവൻ ഇതാ അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു! നാഥാ...

x x x

ഞാൻ എന്തിനു ഖേദിക്കണം, ലോകത്താൽ പരിത്യക്തനാകുന്നെങ്കിൽ? തെറ്റിദ്ധരിക്കപ്പെടുന്നെങ്കിൽ!... അഥവാ, എന്റെ സദുദ്യമങ്ങളും പ്രവർത്തനങ്ങളുമെല്ലാം അവഗണിക്കപ്പെടുന്നെങ്കിൽ എന്റെ ഈശോ എന്നെ സ്നേഹിക്കുമ്പോൾ...? അവമാനങ്ങളും അപവാദങ്ങളും എന്നെ എന്തിന് അലട്ടണം? പരിഹാസങ്ങളും പീഡനങ്ങളും എന്നെ എന്തിനു ക്ലേശിപ്പിക്കണം? പരാജയങ്ങളും പരാഭവങ്ങളും എന്നെ എന്തിന് അസ്വസ്ഥനാക്കണം, എന്റെ ഈശോ എന്നെ സ്നേഹിക്കുന്നെങ്കിൽ?... ഇവയ്ക്കെല്ലാം മതിയായ സമ്മാനമല്ലയോ എന്റെ ഈശോയുടെ സ്നേഹം!

കപടമിത്രങ്ങളുടെ വഞ്ചനയും കൃതഘ്നതയും, സഹചാരികളുടെ തെറ്റിദ്ധാരണയും കുറ്റാരോപണവുമൊന്നും എന്നെ ആകുലനാക്കുകയില്ല, ദിവ്യനാഥൻ എന്നെ സ്നേഹിക്കുന്നിടത്തോളംകാലം ക്ലേശാവഹമായ അനുദിന കർത്തവ്യങ്ങളോ, മരണയാതനയുടെ കരിനിഴലുതന്നെ

യുദ്ധമോ എന്നെ ഭയചകിതനാക്കുകയില്ല, ആ സ്നേഹസ്വരൂപൻ എന്നെ സഹായിക്കാനുള്ളിടത്തോളം കാലം!

X X X

ഹാ! എന്റെ ദൈവമേ, അങ്ങയുടെ അപരിമേയ സ്നേഹം! ലോകത്തിലുള്ള ഓരോ വസ്തുവിനും ഒരു കർത്തവ്യം മാത്രമേയുള്ളല്ലോ– അങ്ങേയ്ക്കു് എന്നോടുള്ള സ്നേഹത്തെ പ്രഖ്യാപനം ചെയ്യുക, എന്നെ അനുസ്മരിപ്പിക്കുക. നീലാംബരസദൃശമായ ആകാശദേശത്തിൽ മുത്തുമണികളാൽ ആലേഖിതമായിരിക്കുന്നതും, ശുദ്ധജലസംവാഹികളായ തടിനികളുടെ മർമ്മരാരവത്തിലടങ്ങിയിരിക്കുന്നതും, സുന്ദരസൂനങ്ങളിലണഞ്ഞു നറുംതേനുണ്ടു് ഉന്മത്തരായിച്ചമഞ്ഞ ഭൃംഗവീരന്മാരുടെ 'മൂളിപ്പാട്ടിൽ' ലയിച്ചുകിടക്കുന്നതുമെല്ലാം ഈ ഒരു തത്വംമാത്രമാണു്– അവിടുത്തേയ്ക്കു് എന്നോടുള്ള സ്നേഹം! അങ്ങയുടെ സ്നേഹഹൃദയത്തിലേയ്ക്കു് എന്നെ അവയെല്ലാം കൂടുതൽ കൂടുതൽ അടുപ്പിച്ചിരുന്നെങ്കിൽ, അകറ്റുന്നതിനുപകരം! അതേ, നാഥാ അങ്ങ് ഈ പാവപ്പെട്ട എന്നെ സ്നേഹിക്കുക; അങ്ങേ ദിവ്യഹൃദയത്തിൽ ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന സ്നേഹാനലന്റെ ഒരു പൊരി എന്നിലേക്ക് അങ്ങു പകരുക; അതെന്നിൽ കത്തിയെരിയട്ടെ!

മേലിൽ, അങ്ങേയ്ക്കുവേണ്ടിമാത്രം, അതേ, അങ്ങേ സ്നേഹത്തിനുവേണ്ടിമാത്രം ഞാൻ ജീവിക്കട്ടെ! എന്റെ ബുദ്ധി അങ്ങേ സ്നേഹത്തെപ്പറ്റിയുള്ള ചിന്തയാൽ നിറയട്ടെ! ഓർമ്മശക്തി, അങ്ങേ സ്നേഹപ്രവൃത്തികളുടെ മധുരസ്മരണകളെ സംഭരിക്കട്ടെ! എന്റെ ഹൃദയം അങ്ങയോടുള്ള സ്നേഹത്താൽ സദാ തുടിച്ചുകൊണ്ടിരിക്കട്ടെ! എന്റെ മനസ്സ് അങ്ങിൽ വിജയം പ്രാപിക്കട്ടെ! ദിവ്യകാരുണ്യസ്ഥാപനത്തിൽ അങ്ങു പ്രദർശിപ്പിച്ച അമൂല്യ സ്നേഹത്തെക്കുറിച്ച് കൃതജ്ഞതാഭരിതമായ സ്തോത്രഗീതം സദാ എന്നിൽനിന്ന് ഉതിരട്ടെ!

നാഥാ, അങ്ങുമാത്രമായിരിക്കട്ടെ, എന്റെ നയനങ്ങളുടെ പ്രകാശം; അധരങ്ങളുടെ മന്ദഹാസം; ഹൃദയത്തിന്റെ സ്പന്ദനം! അങ്ങുമാത്രമായിരിക്കട്ടെ, എന്റെ

ബുദ്ധിയുടെ ശക്തി; ചിന്തയുടെ നിയന്താവ്; ഹൃദയത്തിൻെറ അഭിലാഷം; ആത്മാവിൻെറ ആനന്ദവും സ്വാതന്ത്ര്യപ്രാപ്തിക്കായി കേഴുന്ന ലൗകികശൃംഖലകളാൽ ബന്ധിതയായ എൻെറ ആത്മാവിനെ, മരണവേളയിൽ, സ്വതന്ത്രയാക്കുന്ന ഏകശക്തി അങ്ങയോടുള്ള സ്നേഹമായിരിക്കട്ടെ! നിസ്വാർത്ഥവും യഥാർത്ഥവുമായ സ്നേഹം! നിർമ്മലവും പാവനവുമായ പ്രേമം!

## 2. ഒരത്ഭുതഗ്രന്ഥം.

തിരുവോസ്തി!— അത് അത്ഭുതങ്ങൾ നിറഞ്ഞ ഒരു മഹാഗ്രന്ഥമാണ്! ഈശോയെക്കുറിച്ചു പഠിക്കുവാൻ ഇത്ര ഉപയുക്തമായ മറെറാരു ഗ്രന്ഥമില്ലതന്നെ. വിശുദ്ധാത്മാക്കൾ, ദിവ്യനാഥൻെറ സ്നേഹപാരമ്യത്തെപ്പററി വിവരിച്ചിട്ടുണ്ട്, പ്രകീർത്തിച്ചിട്ടുണ്ട്, സുന്ദരഗ്രന്ഥങ്ങൾ വഴി. എന്നാൽ, തിരുവോസ്തിയാകുന്ന ഗ്രന്ഥത്തോടു തുലനം ചെയ്യുമ്പോൾ അവ എത്ര അപൂർണ്ണങ്ങളല്ല! മനുഷ്യബുദ്ധിയുടെ ചിന്താസന്താനങ്ങളായ, മനുഷ്യകരങ്ങളുടെ പരിശ്രമഫലങ്ങളായ ആ ഗ്രന്ഥങ്ങൾ ദിവ്യജ്ഞാനഭണ്ഡാഗാരത്തോടുപമിക്കത്തക്കവയോ?

തിരുവോസ്തി!— "അകത്തും പുറത്തും എഴുതപ്പെട്ടിട്ടുള്ള" വെളിപാടിലെ പുസ്തകമാണത്. ഈശോനാഥൻെറ അപരിമേയമായ എളിമ പുറത്തുവശത്ത്; അജ്ഞേയമായ മഹത്വം അകത്തുവശത്തും! എളിമയും മഹത്വവും! ഒന്നു മറെറാന്നിൻെറ മാററു കൂട്ടുന്നു— എളിമയുടെ ആധിക്യത്തെ മഹത്വം പ്രത്യക്ഷപ്പെടുത്തുന്നു; മഹത്വത്തിൻെറ വലിപ്പത്തെ എളിമയും!... ഹാ! എന്തൊരന്തരം! ഉത്തരദക്ഷിണധ്രുവങ്ങളുടെ സമ്യക്കായ ഏകീകരണം! വൈധർമ്മ്യങ്ങളുടെ വിസ്മയാവഹമായ സാധർമ്മ്യം!... അചേതനമായ ഒരപ്പക്കഷണം— എന്നാൽ അതുൾക്കൊള്ളുന്നതോ, ജീവദായകനായ ദൈവസുതനെ!... സൂക്ഷിച്ചു വീക്ഷിക്കുക ആ തിരുവോസ്തിയെ. അതു ധവളമാണ്— എന്നാൽ, ആ ധാവള്യത്തിൽ അന്തർലീനമായി കിടപ്പുണ്ട് സൂര്യനെ വെല്ലുന്ന സ്വർഗ്ഗീയ

കാന്തിപൂരം! അതു കയ്യിലെടുത്തു നോക്കുക: അതു തീരെ ലഘുവാണ്— പക്ഷേ, വിശ്വകടാഹങ്ങളുടെ നിയന്ത്രണശക്തിയാണതിൽ കുടികൊള്ളുന്നത്! അതിനെ സ്പർശിച്ചുനോക്കുക: അതു ശീതളമാണ്— എന്നാൽ, ദിവ്യഹൃദയത്തിലെ പ്രോജ്ജ്വലമായ സ്നേഹാനലൻ കത്തിക്കാളുന്നുണ്ട് അതിനുള്ളിൽ! വിസ്മയമേ......!

തുടന്നു വായിക്കുക, തുറന്നിരിക്കുന്ന ആ അത്ഭുതഗ്രന്ഥത്തെ! ശാരീരിക നേത്രങ്ങൾക്കദൃശ്യമായിരിക്കുന്ന അതിലെ തത്വങ്ങളെ വിശ്വാസമാകുന്ന കണ്ണാടികൊണ്ടു ബലിഷ്ഠമായ ചക്ഷുസ്സുകൾക്കു വിഷയീഭവിപ്പിക്കുക... ഉററു സൂക്ഷിക്കുക ആ അപ്പക്കഷണത്തെ... പ്രണയബദ്ധങ്ങളായ രണ്ടു ഹൃദയങ്ങളുടെ കടാക്ഷവിക്ഷേപങ്ങൾ; മൂകമെങ്കിലും സുസ്പഷ്ടമായ ഹൃദയഭാഷണം!... പരിധിരഹിതമായ പ്രേമാനലൻ പ്രോജ്ജ്വലിക്കുന്ന ദിവ്യഹൃദയവും, മന്ദോഷ്ണവും അവിശ്വസ്തവുമായ എൻെറ പാവപ്പെട്ട ഹൃദയവും തമ്മിൽ!...

വായന തുടരുക: തിരുവോസ്തിയിൽ ദത്താവധാനനാകുക. അതാ, മറെറാരു മഹാരഹസ്യം: നീ വിശുദ്ധനാകാൻ ആഗ്രഹിക്കുന്നോ?... എങ്കിൽ ആ അത്ഭുതഗ്രന്ഥത്തിൻെറ ഛായയിൽ നീ ഉടച്ചുവാർക്കപ്പെടണം; നിൻെറ ഹൃദയത്തിൽ, ആ ഛായ അപ്രമാർജ്ജ്യമായി ആലേഖിതമാവണം! അതിനെന്തു ചെയ്യണമെന്നോ? സൂക്ഷിച്ചു വീക്ഷിക്കുക; വീണ്ടും വീണ്ടും, തുടരെത്തുടരെ ആ മഹാഗ്രന്ഥത്തെ, വായിക്കുക, പഠിക്കുക: അതിഗാഢം ചിന്തിക്കുക, അതിൻെറ ഉള്ളടക്കത്തെക്കുറിച്ച്...

വീണ്ടും വായിക്കുക; 'ആദിമുതൽ, അഥവാ, അനാദിമുതൽ ദൈവത്തിലാവസിച്ചിരുന്ന' ദൈവവചനമാണതിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നത്. പ്രവാചകന്മാരുടെ അധരങ്ങൾ പൊഴിച്ച ദൈവവചനം; പൂർവ്വപിതാക്കന്മാരുടെ ഹൃദയങ്ങളിലാവസിച്ച ദൈവവചനം; സുവിശേഷകന്മാരുടെ തൂലിക ഉതിർത്ത ദൈവവചനം; പാലസ്തീനായിലെ അന്തരീക്ഷത്തിൽ പ്രതിധ്വനിച്ച, നസ്രസിലെ ചെറുഭവനത്തിൻെറ ഭിത്തികൾക്കുള്ളിൽ

അലഞ്ഞുലഞ്ഞ, ഗിരിശൃംഗത്തിൽ മാറെറാലികൊണ്ട, ദൈവവചനം; ഡാംഭികന്മാരായ യഹൂദപ്പുരോഹിതന്മാൎക്ക് കൎണ്ണകഠോരമായിരുന്ന, ഭയാനകമായിരുന്ന, ദൈവവചനം; ക്ലേശിതൎക്ക് സമാശ്വാസസംദായകമായിരുന്ന ദൈവവചനം; പാപിനിയായ മേരി മാഗ്ദലിനെ പുണ്യധാമമാക്കിയ, മരിച്ചുഴിഞ്ഞ ലാസറിനെ പുനൎജ്ജീവിപ്പിച്ച ദൈവവചനം! ഗദ്സമേനിലും ഗാഗുൽത്തായിലും ശോകസംപൂൎണ്ണമായിത്തീൎന്ന, കല്ലറയിൽ ശബ്ദരഹിതമായിരുന്ന ദൈവവചനം; അപ്പസ്തോല പിൻഗാമികൾ വഴി ഇന്നും ലോകദിഗന്തങ്ങളിൽ മാറെറാലികൊള്ളുന്ന ദൈവവചനം; ക്രൂദാശകളെ സൃഷ്ടിക്കുന്ന, അന്ധകാരത്തെ അകററുന്ന, ആത്മാക്കളെ വിശുദ്ധീകരിക്കുന്ന, സ്വൎഗ്ഗകവാടം തുറക്കുന്ന "അനുഗൃഹീതരേ, വരുവിൻ; വന്നു നിങ്ങളുടെ പിതാവിൻെറ രാജ്യം കരസ്ഥമാക്കുവിൻ" എന്നുള്ള ദൈവവചനം, അതെ, ഇതെല്ലാമാണു് ആ മഹാഗ്രന്ഥത്തിൽ എഴുതപ്പെട്ടിരിക്കുന്നതു്. പിന്നെയുമുണ്ടു് സുസ്പഷ്ടമായ മറെറാരു ചെറുവാക്യം: "ഈശോ എന്നെ സ്നേഹിക്കുന്നു"... നാഥാ...

മങ്ങിക്കത്തുന്ന ഒരു ദീപനാളത്തിൻെറ നേരിയ വെളിച്ചം, തിരുവോസ്തിയിൽ പ്രതിഫലിക്കുന്നുണ്ടു്— ഈശോയോടുള്ള എൻെറ സ്നേഹത്തിൻെറ പ്രതിഛായയായി! അതിനു സമീപത്തു തന്നെ മദ്ധ്യാഹ്നസൂൎയ്യനെ വെല്ലുന്ന പ്രകാശധോരണിയോടുകൂടിയ മറെറാരു പ്രകാശവും— പാവപ്പെട്ട എന്നോടു ഈശോയ്ക്കുള്ള അപരിമേയ സ്നേഹത്തിൻെറ ഒരു മങ്ങിയ ഛായ!!... സ്നേഹനാഥാ! അവിടുത്തേക്കു് എന്നോടുള്ള സ്നേഹം!!...

അവസാനമില്ല: വായിച്ചു തുടങ്ങിയാൽ അവസാനമില്ല ആ ഗ്രന്ഥത്തിനു; നവംനവങ്ങളായ ആശയങ്ങൾ— നൂതനമായ രീതിവിശേഷം— ആകൎഷകമായ ശൈലിഭംഗിയും...

ദൈവപുത്രനു, മനുഷ്യരാശിയോടുള്ള നിസ്സീമസ്നേഹത്തിൻെറ സംപൂൎണ്ണമായ ഒരു ചിത്രമാണാഗ്രന്ഥം! അനാദിമുതൽ, അവിടുത്തേയ്ക്കു്, എന്നോടുള്ള സ്നേഹത്തി

ന്റെ സജീവമായ ഒരു രേഖയാണാഗ്രന്ഥം! മനുഷ്യപുത്രരോടുകൂടി വസിക്കുവാൻ അവിടുത്തേയ്ക്കുള്ള അതിവാഗ്രഹത്തിന്റെ പ്രത്യക്ഷലക്ഷ്യമാണാഗ്രന്ഥം! എന്റെ പാപപ്പെട്ട ഹൃദയത്തിൽ സന്നിധിചെയ്യാൻ അവിടുത്തേയ്ക്കു കഴിക്കേണ്ടിയിരുന്ന ക്ലേശപൂർണ്ണമായ ദീർഘയാത്രയുടെ— സ്വർഗ്ഗീയപിതാവിന്റെ പക്കൽനിന്നു കന്യകാമറിയത്തിന്റെ നിർമ്മലോദരത്തിലേയ്ക്കു, പശുത്തൊഴുത്തിൽനിന്നു് കാൽവരിക്കുന്നിലെ ക്രൂരക്രൂശിലേക്ക്, കുരിശിൻമുകളിൽനിന്നു് സ്നേഹകാരാഗൃഹമായ സക്രാരിയിലേക്ക്, അവിടുന്നു നടത്തിയ ദീർഘയാത്രയുടെ— സംക്ഷിപ്ത വിവരണമാണാഗ്രന്ഥം! ദുരിതസമ്പൂർണ്ണമായ ഐഹിക പ്രവാസത്തിൽ ആനന്ദവും ആശ്വാസവും പ്രദാനം ചെയ്യുവാൻ, ഭയാനകമായ മരണയാതനയിൽ ധൈര്യവും ശക്തിയും നല്കുവാൻ, ഒടുവിൽ നിത്യപറുദീസായിലേക്ക് എന്റെ ആത്മാവിനെ ആനയിക്കുവാൻ, സദാ സന്നദ്ധനായി, അവിടുന്നെന്റെ പക്കൽ ഉണ്ടായിരിക്കുമെന്നു് എനിക്കുറപ്പുതരുന്ന അച്ചാരമാണാഗ്രന്ഥം! ഇതിനായി അവിടുത്തേയ്ക്കു ത്യജിക്കേണ്ടിയിരുന്നതെല്ലാം, സഹിക്കേണ്ടിവന്നതെല്ലാം, രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതാണാഗ്രന്ഥം! "കണ്ണു കണ്ടിട്ടില്ലാത്തതും, കാതു ശ്രവിച്ചിട്ടില്ലാത്തതും മനുഷ്യഹൃദയങ്ങളിൽ പ്രവേശിച്ചിട്ടില്ലാത്തതു"മായ സ്വർഗ്ഗസൗഭാഗ്യം അവിടുന്നുപേക്ഷിച്ചു സക്രാരിയാകുന്ന കാരാഗൃഹത്തിലെ ഏകാന്തവാസത്തിനായി! വാനദൂതഗണത്തിന്റെ സ്തോത്രഗീതങ്ങൾ വച്ചുമാറി, കൃതഘ്നരായ മനുഷ്യരുടെ ദൈവദൂഷണങ്ങൾക്കായി! സ്വർഗ്ഗവാസികളുടെ നിഷ്കൃഷ്ടമായ ശുശ്രൂഷകൾ കൈമാറ്റം ചെയ്തു മർത്ത്യജാതിയുടെ ക്രൂരപീഡനങ്ങൾക്കായി!... ഹാ! എന്നോടുള്ള സ്നേഹത്തെപ്രതി!!... ഇവയെല്ലാം സംഗ്രഹിച്ചെഴുതപ്പെട്ടിട്ടുള്ളതാണാഗ്രന്ഥം!

ഞാനെന്തു ചെയ്യണം ആ ഗ്രന്ഥത്തെ? മാലാഖാ പ്രദാനംചെയ്ത ഗ്രന്ഥത്തെ വിഴുങ്ങിയ യോഹന്നാനെ ഞാനും അനുകരിക്കും. "തേനിനെക്കാൾ മാധുര്യമേറിയതാണാഗ്രന്ഥം!... "വിഴുങ്ങുക" അതാണെല്ലാം ആക

ഷ്ടകങ്ങളായ ഗ്രന്ഥങ്ങളെ അത്യാൎത്തിയോടെ പാരായണം ചെയ്യുന്നതിനുള്ള അപ്രാകാരികഭാഷ!

അനുദിന ദിവ്യഭോജനംമൂലം ആ ഗ്രന്ഥത്തെ ഞാൻ ഭക്ഷിക്കും; ദിവ്യകാരുണ്യസന്ദൎശനംവഴി അതിനെ കൂടെക്കൂടെ വീണ്ടും വീണ്ടും ഞാൻ വായിക്കും, നയനങ്ങൾ കൊണ്ടെന്നതിനേക്കാൾ ഹൃദയംകൊണ്ടു്! അതിലെ ഓരോ വാക്കിനെക്കുറിച്ചും ചിന്തിക്കും, ചുഴിഞ്ഞു ചുഴിഞ്ഞു ചിന്തിക്കും, ബുദ്ധികൊണ്ടെന്നതിനേക്കാൾ സ്നേഹംകൊണ്ടു്!...

ആ ഗ്രന്ഥമായിരിക്കും എന്റെ മാൎഗ്ഗദൎശി, എല്ലാകാലത്തിലും ലോകത്തോടും സ്വൎഗ്ഗത്തോടുമുള്ള ഇടപെടലിൽ, ലൌകികരോടും സ്വൎഗ്ഗീയരോടുമുള്ള സഹവാസത്തിൽ, എന്റെ നിയന്താവ്! അതായിരിക്കും എനിക്ക ക്ലേശങ്ങളിൽ ആനന്ദം; ദുഃഖങ്ങളിൽ ആശ്വാസം; സംശയങ്ങളിൽ സ്ഥൈൎയ്യം; പരാജയങ്ങളിൽ പ്രോത്സാഹനം; അദ്ധ്വാനത്തിൽ ഉത്തേജനം; രോഗത്തിൽ ഔഷധം; മരണത്തിൽ ആശ്രയം; സന്തതസഹചാരി!

ആ ദിവ്യഗ്രന്ഥം ഞാൻ പാരായണം ചെയ്തുകൊണ്ടിരിക്കും ദൈവാലയത്തിലും ഗൃഹത്തിലുംവച്ചു്; വഴിയിലും വയലിലുംവച്ചു്; അദ്ധ്വാനസമയത്തും വിശ്രമവേളയിലും; സദാ! അതെന്റെ ഹൃദയത്തിലുണ്ടായിരിക്കും; എപ്പോഴും!!

## 3. തിരുക്കാസ്സാ.

അതാ, ഒരു സുവൎണ്ണകാസാ: ഈശോയ്ക്കു് എന്നോടുള്ള സ്നേഹത്തിന്റെ മറെറാരു ബാഹ്യലക്ഷ്യം!...... അൾത്താരപ്പടിയിൽ അതിപ്പോൾ സ്ഥിതിചെയ്യുന്നു... വൈദികകരങ്ങളാൽ അതു സ്വൎഗ്ഗദേശത്തേക്കുയൎത്തപ്പെടുന്നു!... നിത്യപിതാവു്, സപ്രേമം അതിനെ അഭിവീക്ഷിക്കുന്നു. കാരണം, അവിടത്തെ വത്സലസുതന്റെ അമൂല്യരക്തമാണു് അതുൾക്കൊള്ളുന്നതു്... വാനദൂതഗണം പറന്നിറങ്ങി അതിനുമുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു; കാരണം, നരദൈവത്തിന്റെ സജീവ

രക്തമാണതിലുള്ളതു്... ഞാനും— പാപിയായ ഈ ഞാനും— അതിന്റെ മുമ്പിൽ മുട്ടു മടക്കുന്നു... എന്റെ രക്ഷയുടെ അച്ചാരമാണു് അതിന്റെ ഉള്ളടക്കം... മങ്ങിത്തുടങ്ങിയ എന്റെ ആശാദീപം അതിന്റെ മുമ്പിൽ ആളിക്കത്തും; എരിഞ്ഞു കെട്ടുന്ന സ്നേഹാനലൻ അതിന്റെ കാഴ്ചയിൽ പ്രോജ്ജ്വലിക്കും!!

ആ സുവർണ്ണചഷകം! അതെന്റേതാണു്; എനിക്കു വേണ്ടിയാണു് വൈദികൻ അതു സമർപ്പിക്കുന്നതു്; എന്റെ പ്രതിനിധിയായി.

ദിവ്യനാഥന്റെ പാവനരക്തം അതിലുണ്ടു്; സംശയമില്ല. എന്നാൽ, മറെറാന്നുകൂടി— എന്റെ ഉത്തമമായ ഒരു ഭാഗം— എന്റെ ഹൃദയം— അതു ഞാൻ അവിടെ സമർപ്പിച്ചിട്ടുണ്ടെങ്കിൽ! ആ പാനപാത്രത്തിനുള്ളിൽ എന്റെ ഈശോയും ഞാനും കൂടി ഗാഢാശ്ലേഷത്തിലേർപ്പെടും!... നാഥാ...

തിരുക്കാസ്സാ! മാനുഷചക്ഷുസ്സുകൾക്കു് അതു വിനതമാണു്; ഇടുങ്ങിയതും ആഴമില്ലാത്തതും. എന്നാൽ, വിശ്വാസത്താൽ പ്രകാശിതങ്ങളായ നയനങ്ങൾക്കോ? അതു്, ആഴിപ്പരപ്പിനേക്കാൾ വിസ്തീർണ്ണമാണു്; മഹാർണ്ണവത്തെക്കാൾ ആഴമേറിയതും! ആ സുവർണ്ണഭിത്തികൾക്കുള്ളിൽ എന്റെ ഹൃദയം സംതൃപ്തിപൂർണ്ണം, പ്രപഞ്ചം മുഴുവൻ ലഭിച്ചാലും അതൃപ്തി ഭാവിക്കുന്ന എന്റെ ഹൃദയം!! ഉവ്വ്, അതിനുള്ളിൽ എന്റെ ഹൃദയം സുരക്ഷിതമാണു്; ആനന്ദപൂർണ്ണവും! തന്റെ ആത്മനാഥനോടുള്ള ഐക്യത്തെക്കാൾ അഭികാമ്യമായി അതിനു മറെറന്താണുള്ളതു്?

അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുന്ന ഞാൻ എന്നെത്തന്നെ തിരുക്കാസ്സായിൽ നിക്ഷേപിക്കുന്നുണ്ടോ? എന്റെ അസ്വസ്ഥമായ ഹൃദയത്തേയും ദുർബ്ബലമായ ശരീരത്തേയും, മനം മടിപ്പിക്കുന്ന പരാജയങ്ങളേയും, ഹൃദയം തകർക്കുന്ന വിഷമതകളേയും എല്ലാം അനുദിനകർത്തവ്യങ്ങളേയും ജീവിത വ്യഗ്രതകളേയും പ്രലോഭനങ്ങളേയും എല്ലാം?

പ്രഭാതത്തിൽ സച്ചിന്തകളാൽ എൻെറ ഹൃദയം സംപൂർണ്ണമാണ്; ദൃഢനിശ്ചയങ്ങളാലും... ദൈവത്തെ ഞാൻ പൂർണ്ണമായി സ്നേഹിക്കും; അതെത്ര ആനന്ദപ്രദമല്ല... പാപത്തെ കഠിനമായി വെറുക്കും; അതെത്ര അഭികാമ്യമല്ല!... എന്നാൽ, പ്രദോഷത്തിലെ ആത്മശോധനയിലെ അനുഭവമോ?... പരാജയങ്ങളുടെ കുമ്പാരമാണാദിവസത്തിലെ ഓരോ വിനാഴികയും! കൃതഘ്നതയുടെ ആവർത്തനം!... കാരണമെന്താണ്? ഞാൻ മറന്നുപോയി എന്നെത്തന്നെ തിരുക്കാസ്സായിൽ നിക്ഷേപിക്കാൻ; ദിവ്യരക്തത്താൽ, എൻെറ അനുദിന പരിപാടികൾ ഒപ്പുവയ്ക്കാൻ; അങ്ങനെ ദൈവാനുഗ്രഹം സമ്പാദിക്കാൻ!... ഹാ! നാഥാ!

പ്രാർത്ഥനഃ- ഈ അമൂല്യദിവ്യരക്തം എൻെറ ദൃഷ്ടിയിൽനിന്ന് ഒരിക്കലും മറയാൻപാടില്ല. എല്ലാക്കാര്യത്തിലും അതായിരിക്കണം എൻെറ ശക്തിക്കു നിദാനം; പ്രത്യേകം പ്രാർത്ഥനയിൽ! പ്രാർത്ഥന! പാപകലുഷിതവും അപൂർണ്ണതാസംപൂർണ്ണവുമായ പാവപ്പെട്ട ഒരു ഹൃദയത്തിൻെറ ദുർബലങ്ങളായ വാക്കുകൾക്ക് സർവ്വേശസന്നിധിയിൽ എന്തു വിലയാണുള്ളത്? എന്തു സ്വാധീനശക്തിയാണുള്ളത്? എന്നാൽ, പ്രാർത്ഥനയ്ക്കുമുമ്പ്, തിരുക്കാസ്സായിലെ ദിവ്യരക്തത്തിൽ ആ ആത്മാവ് തന്നെത്തന്നെ നിക്ഷേപിക്കുന്നെങ്കിലോ? ആ അമൂല്യശക്തികേന്ദ്രത്തിൽനിന്ന് ശക്തിയും ഓജസ്സും സംഭരിക്കുന്നെങ്കിലോ? എങ്കിൽ ബലഹീനമായ ആ ആത്മാവിൻെറ ഹൃദയഭാഷണം വിയന്മണ്ഡലത്തേയ്ക്കുയരും സുഗന്ധപരിമളംപോലെ. മേഘജാലങ്ങളെ ഇളക്കും. സർവ്വേശസമക്ഷം എത്തിച്ചേരുകയും ചെയ്യും!

ഉവ്വ്; ഈ നിസ്തുലനിക്ഷേപത്തെ- ദൈവസുതൻെറ ദിവ്യരക്തത്തെ- ഞാൻ കൈവെടിയരുത്. ആ ദിവ്യരക്തത്തിൽ എൻെറ പാവപ്പെട്ട ആത്മാവ് ആമജ്ജനം ചെയ്യപ്പെടുന്നെങ്കിൽ, പാപമാലിന്യം അതിൽനിന്നു പ്രത്യക്ഷമാകും. സ്വർഗ്ഗീയ രാജോചിതമായ പട്ടാംബരങ്ങളാൽ അതു് അലംകൃതമാകും; ദിവ്യനാഥൻെറ

സ്നേഹഹൃദയത്തെ കവരുവാൻ പോരുന്ന അഭൗമിക സൗന്ദര്യം അതിനു സംലബ്ധമാകും; അവിടുത്തെ ശ്രവണപുടങ്ങൾക്കിമ്പകരമായ സംഗീതമധുരിമ, അതിന്റെ മൃദുഭാഷണത്തിനു സംസിദ്ധമാകും! അപ്പോൾ, സങ്കോചലേശമെന്നിയെ, അവിടുത്തെ മുമ്പിൽ അതിനു നില്ക്കാം; സ്വാതന്ത്ര്യമായി അവിടുത്തോടു സംഭാഷിക്കാം; അവിടുന്ന് അതിന്റെ പ്രാർത്ഥനയെ സസന്തോഷം ചെവിക്കൊള്ളും; അതിന്റെ അഭിഷ്ടങ്ങളെ ഔദാര്യപൂർവ്വം സാധിച്ചുകൊടുക്കും. ഉവ്വ്, ദൈവസുതന്റെ ദിവ്യരക്തം അതിനെ പ്രാപ്യയാക്കും, അചഞ്ചലനായ സർവ്വശക്തനെ സ്വപാർശ്വവർത്തിയാക്കാൻ!!

ക്രിസ്തീയാത്മാവെ, മുട്ടുകുത്തുക— ദൈവസുതന്റെ ദിവ്യരക്തത്താൽ, പൈശാചികദാസ്യത്തിൽനിന്നു സ്വതന്ത്രയായ, പാപമാലിന്യങ്ങളിൽനിന്നു നിർമ്മലയായ ക്രിസ്തീയാത്മാവെ, പ്രത്യാശാപൂർവ്വം പ്രാർത്ഥിക്കുക. തന്റെ ഓമനസുതന്റെ പട്ടാംബരങ്ങളണിഞ്ഞിരിക്കുന്ന നിന്നിൽ, നിത്യപിതാവു സംപ്രീതനാകും. മനുഷ്യരാശിയുടെമേൽ ന്യായപൂർവ്വം ഉയർത്തിയിരിക്കുന്ന പ്രതികാര ഖഡ്ഗം നിന്റെ അഭ്യർത്ഥനമനുസരിച്ച് അവിടുന്നു പിൻവലിക്കും; തന്റെ അനർഘനിക്ഷേപങ്ങളെ യഥേഷ്ടം ചിലവഴിക്കാൻ അവിടുന്നു നിനക്കനുവാദം തരും.

ദൈവസുതന്റെ ദിവ്യരക്തത്താൽ വിശുദ്ധീകരിക്കപ്പെട്ട ആത്മാവെ, നീ ധൈര്യപൂർവ്വം പ്രാർത്ഥിക്കുക; പ്രത്യാശാപൂർവ്വവും. നീ ഇനിയും പ്രവാസിയെങ്കിലും, സ്വർഗ്ഗീയ ഗീതങ്ങളിൽ നിന്റെ ശബ്ദവും അലിഞ്ഞു ചേരുന്നു... അഥവാ... ദൈവസുതന്റെ ദിവ്യരക്തത്താൽ സംപൂർണ്ണമായ ഹൃദയംകൊണ്ട് ദൈവത്തെ സ്നേഹിക്കുക, ആ അമൂല്യരക്തത്താൽ അസിക്തമായ അധരപുടങ്ങൾകൊണ്ട് അവിടുത്തെ പ്രകീർത്തിക്കുക, അവിടുത്തോടു പ്രാർത്ഥിക്കുക... ഇതു സ്വർഗ്ഗവാസികൾക്കുപോലും സാദ്ധ്യമോ?...

അദ്ധ്വാനം:— 'നെററിയിലെ വിയൎപ്പുകൊണ്ടു അനുദിന ഭോജനം സമ്പാദിക്കേണ്ട' ആദത്തിൻെറ സന്തതിയാണു ഞാനും. തന്മൂലം, അദ്ധ്വാനം എൻെറയും അനിൎവ്വാഴ്യമായ ഒരു കൎത്തവ്യമത്രെ! എന്നാൽ, എൻെറ അദ്ധ്വാനങ്ങൾ ഫലഭൂയിഷ്ഠങ്ങളാകണമെങ്കിൽ, ദിവ്യനാഥൻവഴി അതു സൎവ്വേശസമക്ഷം സമൎപ്പിതമാകണം. ഈശോയുടെ ദിവ്യരക്തത്താൽ അതു സംശുദ്ധമാക്കപ്പെടണം... എൻെറ അദ്ധ്വാനങ്ങളെ തിരുക്കാസ്സായിൽ നിക്ഷേപിക്കാൻ, അങ്ങനെ അവ നിത്യപിതാവിനു സമൎപ്പിതമാകാൻ, അവിടുന്നിതാ കാത്തിരിക്കുന്നു. എൻെറ അനുദിനകൃത്യങ്ങൾ— അവ എത്ര നിസ്സാരങ്ങളായിരുന്നുകൊള്ളട്ടെ, ലോകദൃഷ്ടിയിൽ അപമാന്യങ്ങളായിക്കൊള്ളട്ടെ— തിരുക്കാസ്സായിൽ നിക്ഷിപ്തമാകുമ്പോൾ, അമൂല്യങ്ങളായിത്തീരും. തന്മൂലം, സൎവ്വേശസമക്ഷം അവയെ സമൎപ്പിക്കാൻ വാനവദൂതർ പരസ്പരം മത്സരിക്കുന്നില്ലയോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു.

പരിത്യാഗങ്ങൾ:— സുകൃതികളായ വൈദികർ, തങ്ങളുടെ പരിത്യാഗപൂൎണ്ണമായ അനുദിനജീവിതത്തിനു വേണ്ട ശക്തി സംഭരിക്കുന്നതെവിടെനിന്നാണ്— തിരുക്കാസ്സായിൽനിന്നല്ലെങ്കിൽ! പ്രതിദിനം തിരുരക്തം ഉൾക്കൊള്ളുന്നതിനു മുമ്പ് അവർ ഉൽഘോഷിക്കുന്ന 'രക്ഷയുടെ കാസായെ ഞാൻ എടുക്കുകയും കൎത്താവിൻെറ നാമത്തെ വിളിക്കുകയും ചെയ്യും' എന്ന്. ഈ ദിവ്യരക്തം വേണ്ടവിധം ഉപയോഗിക്കാൻ പ്രാപ്തിയുള്ള വൈദികർ പുണ്യപൂൎണ്ണത പ്രാപിക്കാതെ നിവൃത്തിയില്ല. സ്നേഹത്തിൻെറയും വിനയത്തിൻെറയും പരിത്യാഗത്തിൻെറയും ഏകാന്തജീവിതം നയിക്കുന്ന ഒരു സന്ന്യാസിക്ക് ക്രിസ്ത്വാനുഗമനത്തിൽ അഭിമുഖീകരിക്കേണ്ട കുരിശുകൾ, സാനന്ദം സംവഹിക്കുന്നതിനു ശക്തി നല്കുന്നതും ഈ ദിവ്യരക്തംതന്നെ. ക്രിസ്തുവിൻെറ ദിവ്യരക്തം ക്രിസ്തുവിൻെറ ശാന്തിയെ നല്കുന്നു.

അത്യദ്ധ്വാനത്താൽ കരതലം മരവിച്ചിട്ടുള്ള അദ്ധ്വാനശീലം, അനുദിന ഭോജനത്തിനായി അഹോരാ

ത്രം ബുദ്ധിമുട്ടുന്ന കുടുംബനായകാ, ഉൽക്കണ്ഠാകുലയായ കുടുംബിനി, പിതൃശാസനക്കു വിധേയനായിരിക്കുന്ന പുത്രാ, കുടുംബജോലിയിൽ ദത്താവധാനയായിരിക്കുന്ന പുത്രീ, 'രക്ഷയുടെ കാസായെ' നിങ്ങൾ അഭിവീക്ഷിക്കുക;– രക്ഷകൻെറ തിരുക്കാസ്സായെ, ദൈവകുമാരൻെറ ദിവ്യരക്തം സംവഹിച്ചുകൊണ്ട്, അവിടെ, അൾത്താരപ്പടിയിൽ അതു സ്ഥിതിചെയ്യുന്ന എന്നുള്ള കാര്യം നിങ്ങൾ വിസ്മരിക്കരുത്. നിങ്ങളുടെ ദുരിതങ്ങളും ക്ലേശങ്ങളുമെല്ലാം അതിൽ നിക്ഷേപിക്കുക– നിങ്ങളുടെ സ്നേഹവികാരങ്ങളും ആനന്ദനിമേഷങ്ങളുമെല്ലാം. അമൂല്യമായ ദിവ്യരക്തം അവയെ എല്ലാം സംശുദ്ധമാക്കും; നിത്യപിതാവിനു സംപ്രീതിജനകമാക്കിത്തീർക്കും.

ലോകത്തിലെ ഉദ്ധതരും സുശക്തരും– തങ്ങളുടെ സ്രഷ്ടാവിനുവേണ്ടി ഒരു നിമിഷംപോലും ചെലവഴിക്കാൻ നിവൃത്തിയില്ലാത്തവർ, അവിടുത്തെ അസ്തിത്വത്തെപ്പോലും ചോദ്യംചെയ്യുന്ന ജീവിതരീതിയോടുകൂടിയവർ– ലോകദൃഷ്ടിയിൽ വിസ്മയനീയങ്ങളായ നേട്ടങ്ങൾ ആർജ്ജിച്ചേക്കാം. എന്നാൽ, നിങ്ങൾ വഞ്ചിതരായിപ്പോകരുത്. അവയെല്ലാം– വിജ്ഞാനവും കീർത്തിമുദ്രകളും എല്ലാം– ദൈവത്തിൻെറ അഭാവത്തിൽ എന്താണ്. വെറും പുക– ഒരു മാത്രനേരം, അവരുടെ തലയ്ക്കുമീതെ ചുററിപ്പറക്കുന്ന– ഒരു നേരിയ ധൂമപടലം മാത്രം. എന്നാൽ നിങ്ങളുടെ വിനീതങ്ങളായ കൃത്യങ്ങൾ, ദിവ്യയിശോയുടെ ദിവ്യരക്തത്തിൽ ആമജ്ജനം ചെയ്യപ്പെടുന്നെങ്കിൽ, അത്യുന്നതൻെറ മുമ്പിൽ അമൂല്യങ്ങളായിത്തീരും, സംശയമില്ല.

ത്രിവിധസഹായങ്ങൾ:– ദൈവസുതൻെറ ദിവ്യരക്തം– അതാണു തിരുക്കാസ്സായിൽ സ്ഥിതിചെയ്യുന്നത്. കാൽവരിയിലെ പരമബലിയുടെ അവസരത്തിൽ, മനുഷ്യരക്ഷാർത്ഥം ഇററിററുവീണ– അവസാനത്തുള്ളിവരെ– ആ ചുടുനിണം!

തിരുവോസ്തി! തിരുക്കാസ്സാ! ദിവ്യബലി! ക്രൈസ്തവ

ജീവിതമാർഗ്ഗത്തിലെ മൂന്നു വിശ്രമസങ്കേതങ്ങളാണിവ! 'മൂന്നു ചുമടുതാങ്ങി'കൾ! ത്രിവിധ 'താങ്ങുതടി'കൾ!!

ആത്മത്യാഗം അനുഷ്ഠിക്കാതെ ഐഹിക ജീവിതം അസാദ്ധ്യമാണ്. ഏതൊരുവനും ചിന്തണം ജീവരക്തം— രക്തസാക്ഷികളെപ്പോലെ. ചിലർ ശാരീരിക നിണം; മററു ചിലരാകട്ടെ വി. അഗുസ്തീനോസിൻെറ ശൈലിയിൽ ആത്മരക്തം— ചുടുകണ്ണീർ!! പക്ഷെ, ഈ പരിത്യാഗശകലങ്ങൾ, രക്തബിന്ദുക്കൾ, തിരുക്കാസ്സായിലെ ദിവ്യരക്തത്തോടു കലരുന്നില്ലെങ്കിൽ, ഉപയോഗശൂന്യമായ "കാക്കപ്പൊന്ന്"; കലരുന്നെങ്കിലോ, അമൂല്യമായ "കനകക്കട്ടി"!

ഭീകരമായ ഏകാന്തതയിലോ നിനക്ക് ആത്മത്യാഗം അനുഷ്ഠിക്കേണ്ടതു്? നിശയിലെ തമോനിബിഡമായ നിശ്ശബ്ദതയിലോ നിനക്കു ചുടുനിണം ചൊരിയേണ്ടതു്? നിന്നെ നിലംപതിപ്പിക്കത്തക്കവണ്ണം ഭാരിച്ച കുരിശോ നിനക്കു വഹിക്കേണ്ടതു്? സാരമില്ല; ചഞ്ചലചിത്തനാകേണ്ടാ; നഷ്ടധൈര്യനാകേണ്ടാ! ധൈര്യത്തോടുകൂടി മുമ്പോട്ടു പോകുക! നീ കാണുന്നില്ലേ തിരുക്കാസ്സായുമായി ഈശോ നിന്നെ സമീപിക്കുന്നതു്, നിൻെറ പരിത്യാഗശകലങ്ങളെ, വിയർപ്പു തുള്ളികളെ, കണ്ണീർക്കണങ്ങളെ, രക്തബിന്ദുക്കളെ, ശേഖരിക്കാൻ; അമൂല്യരത്നങ്ങളായിപ്പകർത്താൻ; സർവ്വേശസന്നിധിയിൽ സമർപ്പിക്കാൻ! നിന്നെ മാത്രം ആശ്രയിച്ചിരിക്കുന്നു അവയുടെ സഫലീകരണം.

ഹാ! ക്രൈസ്തവാത്മാവേ! നീ ദുർഭഗയല്ലെങ്കിൽ സഹതാപാർഹയെങ്കിലുമല്ലയൊ, ഗദ്സമേനിലെ തിരുക്കാസ്സായുടെ നിഴലെങ്കിലും ഏശാത്ത, പീഡകളുടെ പാനപാത്രമാണു നീ കുടിക്കുന്നതെങ്കിൽ? ക്രിസ്തുവിനെക്കൂടാതെയാണു ക്ലേശപൂർണ്ണവും കണ്ടകപ്രകീർണ്ണവുമായ കാൽവരിയിലേക്കു നീ കയറുന്നതെങ്കിൽ? ഈശോനാഥനെ അനുസ്മരിപ്പിക്കാത്ത കുരിശുമരത്തിലാണു നീ ക്രൂശിതനാവുന്നതെങ്കിൽ?... രക്ഷാനാഥൻെറ തിരുശ്ശരീരരക്തങ്ങളിൽ അഭയം തേടാതെ ലൗകികാശാപാശങ്ങളെ

അന്വേഷിക്കുന്ന ആത്മാവിന്റെ സ്ഥിതി ദയനീയംത
ന്നെ; സംശയമില്ല.

വരിക, എന്റെ രക്ഷകന്റെ ആരാധ്യമായ തിരു
കാസ്സായെ, വരിക: എന്റെ കലങ്ങിയ മിഴികളിൽനി
ന്നു പൊഴിയുന്ന കണ്ണീർകണങ്ങളെ, പൊരിഞ്ഞ നെ
റ്റിത്തടത്തിൽ പൊടിയുന്ന വിയർപ്പുതുള്ളികളെ, തകർന്ന
ഹൃദയത്തിൽനിന്നുതിരുന്ന ദീർഘനിശ്വാസനങ്ങളെ; പി
ടയുന്ന ആത്മാവിൽനിന്നുയരുന്ന ദീനവിലാപങ്ങളെ,
ശേഖരിക്കുക; സംഭരിക്കുക. നിന്നിലുള്ള ദിവ്യരക്തത്തോ
ടു കലർത്തി അവയെ പവിത്രീകരിക്കുക.

സ്വർഗ്ഗീയ സേനകളെ സ്വാഗതം, ഈ സുവർണ്ണ
ചഷകത്തെ സംവഹിച്ച്, സർവ്വേശ സന്നിധിയിൽ സമ
ർപ്പിക്കുവിൻ!

അഖണ്ഡശക്തിയേ, പരാപരനേ, കരുണാപൂർവ്വം
ഈ കാസ്സായെ കടാക്ഷിക്കേണമെ; അതിലുള്ള അർച്ചന
ദ്രവ്യങ്ങളേയും! പാവപ്പെട്ട എന്റെ പരിത്യാഗങ്ങളും
ചുടുകണ്ണീരും, വിയർപ്പുതുള്ളികളും രക്തബിന്ദുക്കളുമായ
ഉപഹാരത്തെ സദയം സ്വീകരിച്ചാലും. അവ തനിച്ച്
ദരിദ്രമാണ്; വിലയില്ലാത്തതാണ്; പക്ഷെ, അങ്ങേ
അരുമ മകന്റെ ദിവ്യരക്തത്തിൽ കലർന്നതാണവയെന്നും
അങ്ങു അനുസ്മരിക്കേണമെ!

## 4. നാഥാ അങ്ങേ സമീപം.

ഹാ! ദൈവമെ, വാനദൂതരെപ്പോലെ എനിക്കും
ചിറകുകളുണ്ടായിരുന്നെങ്കിൽ, അങ്ങേപ്പക്കലേക്കു പറ
ന്നെത്താൻ, ഒരു 'സെറാഫി'ന്റെ സ്നേഹതീവ്രത എ
ന്നിൽ ആവസിച്ചിരുന്നെങ്കിൽ, അങ്ങയുടെ സന്നിധി
യിൽ സദാ കത്തിയെരിയാൻ! അങ്ങയുടെ ദിവ്യഹൃദയം
തന്നെ എന്നിൽ കുടികൊണ്ടിരുന്നെങ്കിൽ! മേലിൽ എനി
ക്കു പകരം, അങ്ങുതന്നെ എന്നിൽ സാന്നിധ്യം ചെയ്തു
കൊണ്ട്, അങ്ങേ സ്നേഹിക്കുവാൻ! ഹാ! നാഥാ... എ
നാൽ, ഞാൻ കേവലം ധൂളി, അങ്ങയുടെ പാദമുദ്രകളെ,

എൻെറ അധരങ്ങൾകൊണ്ടുപോലും സ്പർശിക്കുവാൻ അയോഗ്യൻ!!

ദിവ്യനാഥാ, അങ്ങയുടെ സൂക്ഷ്മനയനങ്ങളുടെ ദീർഘദൃഷ്ടിക്കു ജ്ഞാനമായിരുന്നില്ല, അങ്ങയുടെ സാമീപ്യത്തിനുവേണ്ടിയുള്ള എൻെറ ഹൃദയത്തിൻെറ ഈ പതറൽ! അങ്ങയുടെ സാന്നിധ്യത്തിനുവേണ്ടിയുള്ള എൻെറ ഹൃദയത്തിൻെറ ഈ ഉഴലൽ! ആ അഭിവാഞ്ഛയെ സംതൃപ്തമാക്കുവാനായി അങ്ങേ അനന്ത സ്നേഹത്തിൻെറ തികവിൽ, ദിവ്യകാരുണ്യസ്ഥാപനത്തിന്, അങ്ങു മുതിൎന്നു: എന്നോടു സഹവസിച്ചുകൊണ്ട് എന്നെ സമാശ്വസിപ്പിക്കാൻ; ദിവ്യബലിയിൽ, തന്നെത്തന്നെ ബലിയൎപ്പിച്ചുകൊണ്ട് എൻെറ പാപപരിഹാരമായിത്തീരാൻ; ദിവ്യകാരുണ്യത്തിൽ എനിക്കു സ്വയം നല്കികൊണ്ട് എന്നെ തീററിപ്പോററാൻ!...

നാഥാ, ഹൃദയാനന്ദമേ, അങ്ങയുടെ സന്നിധിയിലോ ഞാൻ ഏകാന്തൻ?... ദിവ്യസക്രാരിയുടെ സമീപത്തിരുന്നുകൊണ്ട്, അങ്ങയുടെ സൗന്ദൎയ്യത്തെപ്പററി ചിന്തിക്കുമ്പോൾ, അങ്ങയുടെ സ്നേഹത്തെപ്പററി ധ്യാനിക്കുമ്പോൾ, ലൗകിക മായാമോഹങ്ങളുടെ പൊള്ളത്തരം പൂൎണ്ണമായി എനിക്കു ബോധ്യപ്പെടുന്നു, ഐഹിക സൗന്ദൎയ്യപ്പകിട്ടിൻെറ അൎത്ഥശൂന്യത എനിക്കു സ്പഷ്ടമാകുന്നു!... ചതിയരായ, ചഞ്ചലരായ സൃഷ്ടികൾ എന്നെ വഞ്ചിച്ചിട്ടുണ്ട്; എന്നാൽ, മേലിൽ അവ എൻെറ ഹൃദയസമാധാനത്തെ കവൎന്നെടുക്കുകയില്ല; നിഹനിക്കുകയുമില്ല. അവയാൽ പരിത്യക്തയാകുന്നതനുസരിച്ച്, അങ്ങയുടെ സാമീപ്യത്തിനായി എൻെറ ഹൃദയം കുതികൊള്ളുകയായിരിക്കും ചെയ്യുന്നത്. മരണം, എൻെറ പ്രേമഭാജനങ്ങളെ എന്നിൽനിന്നപഹരിച്ചേക്കാം, പക്ഷേ, അവയുടെ ഒഴിവായ സ്ഥാനങ്ങളിലേക്ക് അങ്ങയെ ഞാൻ അവരോധിക്കും; അങ്ങനെ, അങ്ങയോടു ഞാൻ കൂടുതൽ ബന്ധിതനാവും. അങ്ങുമായി കൂടുതൽ ഐക്യപ്പെടും!... നാഥാ, എനിക്കൊരു ഭയമേയുള്ളു ഏകാന്തതയെപ്പററി; അങ്ങിൽ

14138

നിന്നകന്നിരിക്കുമ്പോൾ; അങ്ങേ സ്നേഹസിംഹാസനത്തിൽനിന്നു വിദൂരസ്ഥിതനായിരിക്കുമ്പോൾ.

സൃഷ്ടികളോടു എന്നെ ബന്ധിച്ചിരിക്കുന്ന കനത്ത കരിങ്ങലകളെ അങ്ങു വെട്ടിപ്പൊട്ടിക്കേണമെ! അങ്ങയുടെ അഭൗമമായ സൗന്ദര്യമാണല്ലൊ എന്റെ ഹൃദയത്തെ കവർന്നെടുത്തതു്, സൃഷ്ടികളെ പൂർണ്ണമായി വെറുക്കത്തക്കവണ്ണം! അങ്ങയുടെ നിസ്തുലമായ സ്നേഹമാണല്ലൊ ദുസ്സഹമായ ക്ഷുത്തിനാൽ എന്റെ ആത്മാവിനെ എരിയിച്ചുകൊണ്ടിരുന്നതു്, ദിവ്യഭോജനത്തിനായി അനുദിനം അണയത്തക്കവണ്ണം! അങ്ങയുടെ സ്നേഹാഹ്വാനമാണല്ലൊ അങ്ങയുടെ സാന്നിദ്ധ്യത്തിനായി ഹൃദയത്തെ കൊതികൊള്ളിക്കുന്നതു്, അങ്ങയുടെ പാദാന്തികത്തിൽ മാത്രം അതു് ആശ്വാസം കണ്ടെത്തത്തക്കവണ്ണം! ആകയാൽ നാഥാ, എന്റെ ആഗ്രഹം അനുസരിച്ചു പ്രവർത്തിക്കാൻ എനിക്കു ശക്തി നൽകുക; അങ്ങേപ്പക്കലേക്കു കൂടുതൽ കൂടുതൽ എന്നെ അടുപ്പിക്കുക; അങ്ങയോടു കൂടുതൽ കൂടുതൽ എന്നെ ബന്ധിക്കുക!

ഹൃദയാഭിലാഷമേ, അങ്ങേപ്പക്കലണയുവാനുള്ള ആഗ്രഹം എന്നെയിതാ സദാ അലട്ടിക്കൊണ്ടിരിക്കുന്നു. പൂർവ്വദിഗ്മുഖത്തിൽ പ്രകാശത്തിന്റെ വിള്ളൽ പ്രത്യക്ഷപ്പെടുന്ന പ്രഥമയാമം മുതൽ, സൃഷ്ടിജാലങ്ങളെല്ലാം ഗാഢനിദ്രയിൽ ലയിക്കുന്ന അർദ്ധരാത്രിവരെ, അങ്ങുമാത്രമാണെന്റെ ചിന്താവിഷയം. ബാലാർക്കൻ സാഘോഷം വന്നണയുമ്പോഴേയ്ക്കും അങ്ങേക്കുറിച്ചു ഞാൻ ചിന്തിക്കുകയായി; അങ്ങയുടെ സാമീപ്യത്തിനുവേണ്ടി എന്റെ ആത്മാവു് പിടയുകയായി; ഹൃദയം ഉഴറുകയായി; ഭാവന ചിറകു വിടർത്തുകയായി; സക്രാരിക്കു സമീപം എത്തിച്ചേരുന്നതിനു ഞാൻ തത്രപ്പെടുകയായി. കാരണമോ? അങ്ങാണു് എന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ ദിവ്യസൂര്യൻ, സക്രാരിയിൽ സന്നിധിചെയ്യുന്ന അങ്ങു്. അവിടെ, അങ്ങയുടെ പ്രകാശകിരണങ്ങൾ എന്റെമേൽ പതിയും. അന്ധകാരതിമിരത്തെ വെട്ടിനീക്കിക്കൊണ്ടു് അവ

എന്റെ ഹൃദയത്തിലേക്ക തുളച്ചുകയറും; അപ്പോൾ എന്റെ ബുദ്ധിശക്തിയുടെ ഇരുളടഞ്ഞ ഭാഗങ്ങൾ പ്രകാശമാനമായിത്തീരും; സൃഷ്ടികളെല്ലാം, അതതിന്റെ തനിനിറത്തിൽ എനിക്ക പ്രത്യക്ഷമാകും; അങ്ങയുടെ സ്നേഹത്തിന്റെ അനന്യത അപ്പോളെനിക്കനുഭൂതമാകയും ചെയ്യും.

നാഥാ, മദ്ധ്യാഹ്നസൂര്യന്റെ ചണ്ഡകിരണങ്ങൾ എന്നിൽ പതിയുമ്പോഴും അങ്ങയെ ഞാൻ സ്മരിക്കും. അങ്ങുമാത്രമാണല്ലൊ എന്റെ ആത്മാവിന്റെ ഉജ്ജ്വല സൂര്യൻ— എന്റെ തണുത്തു മരവിച്ച ആത്മാവിനെ ചൂടുപിടിപ്പിക്കുന്ന സ്നേഹഭാസ്കരൻ! അങ്ങയുടെ പക്കൽ ഞാൻ അണയും; അങ്ങിൽനിന്നു പ്രസരിക്കുന്ന സ്നേഹോഷ്മാവിന്റെ ഒരു തിരി അങ്ങു എന്നിലേക്ക പകരും; അതെന്നിൽ ആളിക്കത്തും; ആ അഗ്നികുണ്ഡത്തിൽ എന്റെ പാപക്കൂമ്പാരം ദഹിച്ചു ഭസ്മമായിത്തീരുകയും ചെയ്യും...!

ദിവ്യസൂര്യാ, ഫലോൽപാദകമായ അങ്ങേ സ്നേഹോഷ്മാവേററ് എന്റെ ഹൃദയോദ്യാനത്തിലെ സദ്വിചാരങ്ങളാകുന്ന പൂച്ചെടികൾ ദൃഢനിശ്ചയങ്ങളാകുന്ന പൂമൊട്ടുകളെ സുലഭമായി ഉൽപാദിപ്പിക്കട്ടെ! സൽപ്രവൃത്തികളാകുന്ന സുന്ദരസൂനങ്ങളായി അവ വിടരട്ടെ! സുകൃതജീവിതത്തിന്റെ സൽഫലങ്ങളായി വിളയുകയും ചെയ്യട്ടെ!

നാഥാ, പ്രലോഭനങ്ങളാകുന്ന കാർമ്മേഘപടലങ്ങൾ എന്റെ ഹൃദയാന്തരീക്ഷത്തിൽ തടിച്ചുകൂടുമ്പോൾ പീഡനങ്ങളും പരാജയങ്ങളുമാകുന്ന പ്രചണ്ഡമാരുതൻ എന്റെമേൽ ആഞ്ഞടിക്കുമ്പോൾ, സഹായാർത്ഥം അങ്ങേ പാദാന്തികേ ഞാൻ ഓടിയെത്തും. അങ്ങിൽനിന്നു പ്രസരിക്കുന്ന കാന്തിപൂരം, ആ കർമ്മേഘപടലങ്ങളെ ചിതറിക്കും; പ്രചണ്ഡമാരുതനെ പ്രശാന്തമാക്കും. അങ്ങനെ സുസ്ഥിരമായ, ശാശ്വതമായ, ആന്തരികസമാധാനത്താൽ എന്റെ ഹൃദയം സംപൂർണ്ണമാകും!

സൂര്യൻ സായാഹ്ന സ്നാനത്തിനായി സാഗരമദ്ധ്യത്തിലേക്കിറങ്ങുമ്പോൾ, ശാന്തസമീരണൻ വൃക്ഷലതാദികളുടെ പച്ചിലകളെ നൃത്തം ചെയ്യിക്കുമ്പോൾ, പക്ഷിജാലങ്ങൾ സ്രഷ്ടാവിനു സാമോദം സ്തോത്രഗീതമാലപിക്കുമ്പോൾ, അങ്ങേ സ്നേഹസിംഹാസനത്തിൻപക്കൽ ഞാൻ അണയുകയായി!!– ആമോദകരമായ സായംകാലത്തിന്റെ ഒരു ഭാഗമെങ്കിലും, സ്നേഹനാഥനുമായി സ്വൈരസല്ലാപത്തിൽ ചെലവഴിക്കാൻ സാദ്ധ്യമല്ലാത്ത, സന്നദ്ധമല്ലാത്ത ആത്മാവ് സഹതാപാർഹതന്നെ, സംശയമില്ല– ആ അഭിമുഖസംഭാഷണവേളയിൽ ആനന്ദവികാരങ്ങൾ, എന്റെ ഹൃദയസരസ്സിൽ ഓളം തല്ലും. അങ്ങ് അത്രമാത്രം ഇഷ്ടപ്പെടുന്ന ആ നേരിയ സന്ധ്യാവെളിച്ചത്തിൽ, ഏകാന്തതയുടെ ആ പ്രശാന്തതയിൽ, അവിടുന്നെന്നോടു സംസാരിക്കും; സ്നേഹത്താൽ തരളിതമായ ആ ദിവ്യഹൃദയം എന്നെ തുറന്നു കാണിക്കും; അങ്ങു മാറോടു ചേർത്തെന്നെ പുണരും; അങ്ങയുടെ ദിവ്യഹൃദയത്തിന്റെ സ്നേഹസ്പന്ദനങ്ങൾ എനിക്കനുഭവവേദ്യമാകും... മൂകമെങ്കിലും സുവ്യക്തമാണ് ആ ഹൃദയഭാഷണം! അദൃശ്യമെങ്കിലും സുനിശ്ചിതമാണ് ആ അഭിമുഖസന്ദർശനം!... നാഥാ...!

പകലിന്റെ ചരമദശ, പലപ്പോഴും വിസ്മരിക്കപ്പെട്ടുപോകുന്ന അവിസ്മരണീയമായ ഒരു പരമാർത്ഥത്തെ എന്നെ അനുസ്മരിപ്പിക്കും; ഒരിക്കൽ, ഞാനും ജീവിതാന്ത്യത്തെ സമീപിക്കുമെന്ന്... നാഥാ, അന്ന് ഇന്നത്തേതിനെക്കാൾ ഞാൻ അങ്ങേ സമീപിക്കും; അപ്പോൾ എന്നെ തള്ളിക്കളയരുതേ, അങ്ങേ സന്നിധിയിൽനിന്ന്! എന്റെ ആത്മാവിനെ ബലപ്പെടുത്തേണമെ, എന്റെ ശാരീരിക ശക്തി ക്ഷയിക്കുന്നതനുസരിച്ച്; എന്റെ ആന്തരിക നയനങ്ങളെ പ്രകാശിപ്പിക്കേണമെ, എന്റെ മാംസചക്ഷുസ്സുകളുടെ പ്രകാശം നശിക്കുന്നതനുസരിച്ച്!.. എന്റെ വാർദ്ധക്യത്തിൽ, അങ്ങുമാത്രമായിരിക്കേണമെ എന്റെ ആശ്രയം; ആശ്വാസം; ആനന്ദവും!!

ഒടുവിൽ ഭയങ്കരമായ ആ വിനാഴിക വന്നണയുമ്പോൾ, സകലരാലും ഞാൻ പരിത്യക്തനാകുമ്പോൾ, അങ്ങേ സ്നേഹഹൃദയത്തിലേക്കു കൂടുതലായി എന്നെ അടുപ്പിക്കേണമെ! ഉൽക്കണ്ഠയാൽ ഇരുളടഞ്ഞ ആ അന്തരീക്ഷം അങ്ങയുടെ സാന്നിദ്ധ്യമാകുന്ന സ്വർഗ്ഗീയ കാന്തിപൂരത്താൽ പ്രകാശിതമാകട്ടെ! മരണത്തിനു വിധേയമാകുന്ന എൻ്റെ ശ്രവണേന്ദ്രിയങ്ങളിൽ എന്തു മന്ത്രിക്കണമെന്നറിയാതെ ബന്ധുമിത്രാദികൾ കുഴങ്ങുമ്പോൾ അങ്ങയുടെ മാധുര്യപൂർണ്ണമായ ദിവ്യശബ്ദം അവയിൽ മാറ്റൊലികൊള്ളട്ടെ— എനിക്കു സമാധാനവും സ്നേഹവും വാഗ്ദാനം ചെയ്യുന്ന അങ്ങേ സന്നിധിയിൽ പറഞ്ഞാക്കുന്ന, ആശ്വാസ സംദായകമായ ആ വാങ്മാധുര്യം!

പ്രകാശാതിനാഥാ, എൻ്റെ ഹൃദയാനന്ദമെ, അങ്ങേക്കുവേണ്ടി എൻ്റെ ആത്മാവു ദാഹിക്കുന്നു. അസ്തമയം അറിയാത്ത ദിവ്യസൂര്യനല്ലയൊ അവിടുന്ന്. സദയം എൻ്റെ ആത്മാവിൽവന്ന് അങ്ങു ഉദയം ചെയ്യുക; അങ്ങനെ അക്ഷയഭാസോടെ അതു വിരാജിക്കട്ടെ.

നാഥാ, അങ്ങയുടെ സാന്നിദ്ധ്യത്തിനു വേണ്ടിയുള്ള പ്രതീക്ഷയാൽ, എൻ്റെ ആത്മാവു തളർന്നു. അങ്ങയുടെ സാമീപ്യത്തിനുവേണ്ടിയുള്ള ആഗ്രഹത്താൽ അതു വലഞ്ഞു. അങ്ങയെ പ്രാപിക്കുക; അങ്ങിൽ ലയിക്കുക; അതുമാത്രമെ എന്നെ തൃപ്തിപ്പെടുത്തുകയുള്ളു. ആകയാൽ, നാഥാ, എഴുന്നെള്ളുക. . . അഥവാ എന്നോടുള്ള ഐക്യത്തിനുവേണ്ടി അങ്ങേക്കുള്ള ആഗ്രഹം എത്ര ഉഗ്രം? തീവ്രം? അതിനോടു തുലനം ചെയ്യുമ്പോൾ എൻ്റെ അഭിലാഷം എത്ര മന്ദമല്ല? . . ആകയാൽ നാഥാ എഴുന്നെള്ളുക എൻ്റെ ഹൃദയത്തിലേക്ക്; അങ്ങേപ്പക്കലേക്ക് എന്നെ അടുപ്പിക്കുക. അങ്ങിൽ, എന്നെ ലയിപ്പിക്കുക . . . മേലിൽ, അങ്ങയുടെ സ്നേഹത്തിന്, വെറും വികാരരഹിതമായ, മന്ദമായ, ഒരു സ്വീകരണമായിരിക്കയില്ല ലഭിക്കുന്നത്; നാഥാ, വരിക.

ഞാൻ, എൻെറ കരങ്ങളിതാ വിരിക്കുന്നു, അങ്ങേ ക്രൂശിനെ അനുസ്മരിച്ചുകൊണ്ടു്— അങ്ങേ ഹൃദയപൂൎവ്വം ആശ്ലേഷിക്കാൻ! എൻെറ അധരങ്ങൾ വിടൎത്തുന്നു, എൻെറ സ്നേഹവികാരങ്ങളെ അങ്ങയുടെ ചെവിയിൽ നിക്ഷേപിക്കുവാൻ, അങ്ങയുടെ മുഖാരവിന്ദങ്ങളിൽ ഒരു നൂറു നറുംചുംബനങ്ങളൎപ്പിക്കുവാൻ! എൻെറ ഹൃദയകവാടം തുറക്കുന്നു, രാജോചിതമായ ഒരു സ്നേഹസിംഹാസനം അങ്ങേയ്ക്കു നല്കാൻ, എൻെറ പ്രേമപൂജ വേണ്ടവിധം അൎച്ചനം ചെയ്യാൻ!

ആത്മനാഥാ, എഴുന്നെള്ളുക, അമാന്തിക്കരുതേ, ദാഹാൎത്തയായ പേടമാൻ ശുദ്ധജലത്തിനുവേണ്ടിയെന്നവണ്ണം, വരണ്ടുപാടി പുതുമഴക്കുവേണ്ടിയെന്നവണ്ണം, എൻെറ ആത്മാവു് അങ്ങേക്കുവേണ്ടി പിടയുന്നു; ഉഴറുന്നു!!

## 5. ഈശോ സ്നേഹപൂൎവ്വം നോക്കി.

സക്രാരിയിൽ സന്നിധിചെയ്തുകൊണ്ടു് അങ്ങു് അപ്പത്തിൻെറ ആഗന്തുകങ്ങളാകുന്ന ആസ്തരണിയിൽക്കൂടി എത്ര സ്നേഹപൂൎവ്വം, കാരുണ്യപൂൎവ്വം, ആണു് എന്നെ കടാക്ഷിക്കുന്നതെന്നു്, ഒരു ക്ഷണനേരത്തേയ്ക്കെങ്കിലും എനിക്കു പൂൎണ്ണമായി ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ, നാഥാ, അങ്ങയുടെ സ്നേഹം പൂൎണ്ണമായി എൻെറ ഹൃദയത്തെ കവൎന്നേടുത്തേനെ!

പുൽക്കൂട്ടിൽ:— പുൽക്കൂട്ടിൽ മൃഗങ്ങളുടെ മദ്ധ്യേ ശയിക്കുന്ന ദിവ്യശിശുവാണു് സ്നേഹപൂൎവ്വം ഒരിക്കൽ എന്നെ വീക്ഷിക്കുന്നതു്. കന്യകാംബികയുടെ വിമല ഹൃദയത്തെ, ആനന്ദോന്മത്തമാക്കിയ ആ ചെറുനയനങ്ങൾ! ഹാ! ഇപ്പോൾ, അവ എന്നിൽ പതിഞ്ഞിരിക്കുന്നു. അന്നു്, അപ്പത്തിൻെറ വസതിയായ ബേസ്ലഹമിനെ അങ്ങു വീക്ഷിച്ചതു്, എൻെറ ആത്മാവിൻെറ അപ്പമായി അങ്ങു സന്നിധി ചെയ്യുവാനുള്ള ഈ ദിവ്യസക്രാരിയുടെ പ്രതി

രൂപമായിട്ടല്ലയോ? അന്നുതന്നെ അങ്ങെന്നെ കണ്ടിട്ടുണ്ടാ വണ്ണം കാലിത്തൊഴുത്താകുന്ന സക്രാരിക്കു സമീപം മുട്ടു കുത്തി നില്ക്കുന്നതായി! എന്നാൽ, ദിവ്യമണവാളാ, ഗോ ശാലയിൽ അങ്ങേയ്ക്കനുഭൂതമായ ക്ലേശങ്ങൾക്കു പരി ഹാരമായി, പരിണമിക്കത്തക്കവണ്ണം സ്നേഹത്തിന്റെ ഒരു കണികപോലും അന്ന്, അങ്ങ് എന്റെ ഹൃദയ ത്തിൽ ദർശിച്ചോ? ദിവ്യയുണ്ണി. മനുഷ്യഹൃദയത്തെ ആ കർഷിച്ചടിപ്പെടുത്തുവാൻ പര്യാപ്തമായ അങ്ങയുടെ കു ഞ്ഞുനയനങ്ങൾ, തിരുവോസ്തിയാകുന്ന തിരസ്കരണി യിൽക്കൂടി, എന്നിൽ പതിയുമ്പോൾ എന്റെ ഹൃദയം സ്നേഹവികാരങ്ങളാൽ തുടിക്കുന്നു.

എജിപ്തിലെ വിദേശവാസം:- എജിപ്തിലെ പ്ര വാസിയായ ദിവ്യയുണ്ണിയുടെ സ്നേഹപുരസ്സരമായ കടാ ക്ഷവിക്ഷേപങ്ങളാണിപ്പോൾ എന്നിൽ പതിയുന്നത്!... ശൈശവത്തിൽത്തന്നെ വിദൂരസ്ഥിതമായ വിദേശത്തിൽ വസിക്കുകയിൽ വിവിധക്ലേശങ്ങൾ സഹിക്കേണ്ടിവന്ന ദൈവസുതാ, അങ്ങയോടു ഞാൻ ഹൃദയപൂർവ്വം സഹത പിക്കുന്നു...! പക്ഷേ, സ്വരാജ്യത്തുനിന്നു ബഹിഷ്കൃത നായ ഒരു രാജാവല്ലയോ അവിടുന്ന് ഇന്നും? സക്രാരി യാകുന്ന കാരാഗൃഹത്തിൽ ബന്ധിതനല്ലയോ അവിടുന്ന് ഇന്നും? ... ഇവയെല്ലാം എന്തിനു? ഐഹികജീവി തമാകുന്ന വിദേശവാസത്തിൽ എന്നോടു സഹകരി ക്കാൻ; സ്വരാജ്യമാകുന്ന സ്വർഗ്ഗരാജ്യത്തിലേക്കുള്ള സം യാത്രയിൽ എന്നെ സഹായിക്കാൻ; യാത്രാക്ലേശങ്ങ ളിൽ എന്നെ ആശ്വസിപ്പിക്കാൻ; സ്നേഹരാജനായ ഈ ശോ, സക്രാരിയാകുന്ന വിദേശത്തിലെ പ്രവാസത്തിനിട യ്ക്ക് അങ്ങേ ദിവ്യനയനങ്ങൾ സ്നേഹപൂർവ്വം എന്റെ മേൽ പതിക്കേണമെ!

ദൈവാലയത്തിൽ:- യഹൂദാചാര്യന്മാരുമായി ദൈ വാലയത്തിൽ വേദശാസ്ത്രസംബന്ധമായ വാദപ്രതിവാദ ങ്ങളിൽ ഭാഗഭാക്കാകുന്ന ദിവ്യബാലന്റെ സൂക്ഷ്മനയന

ങ്ങളാണ് സസ്നേഹം ഇപ്പോൾ എന്നിൽ പതിയുന്നത്... അനന്തജ്ഞാനമേ, പിഞ്ചുബാലന്റെ രൂപത്തിൽ മറഞ്ഞിരിക്കുന്ന അങ്ങേ ഞാൻ ആരാധിക്കുന്നു; സക്രാരിയിൽ നിശ്ശബ്ദവാസം ചെയ്യുന്ന, അപ്പത്തിന്റെ മറവിൽ ഒളിഞ്ഞിരിക്കുന്ന ദിവ്യനാഥാ, അങ്ങേയും ഞാൻ ആരാധിക്കുന്നു! അങ്ങയുടെ സൂക്ഷ്മനയനങ്ങളിൽനിന്നു പ്രസരിക്കുന്ന പ്രഭാപൂരം എന്റെ ആത്മാവിൽ തുളച്ചുകയറട്ടെ! ലൗകികവിജ്ഞാനത്തെക്കുറിച്ച് അവജ്ഞതയും സ്വർഗ്ഗീയമായതിനെക്കുറിച്ചു ദൃഢമായ ആഗ്രഹവും അതിൽ നിറയട്ടെ! ആത്മനാഥാ, ഏററം നിശ്ശബ്ദങ്ങളായവപോലും ദർശിക്കുന്ന അങ്ങേ സ്നിഗ്ദ്ധനയനങ്ങൾ പ്രേമപൂർവ്വം എന്നിൽ പതിയട്ടെ!

നസ്രസ്സിലെ അപ്രസിദ്ധജീവിതം:— നസ്രസിൽ നിശ്ശബ്ദവാസം നയിക്കുന്ന ദൈവസുതന്റെ സാമ്യമായ കടാക്ഷവിക്ഷേപങ്ങളാണ് എനിക്കിപ്പോൾ അനുഭവപ്പെടുന്നത്! ദൈവൈക്യത്തിലുള്ള ഏകാന്തജീവിതത്തിന്റെ മാഹാത്മ്യത്തെ ആ സ്നേഹവീക്ഷണം എന്നെ ഗ്രഹിപ്പിക്കുന്നു; എന്റെ പ്രിയന്റെ ക്ലേശപൂർണ്ണവും അദ്ധ്വാനപരവുമായ രഹസ്യജീവിതമനുകരിക്കുവാൻ എന്നെ അനുശാസിക്കുന്നു; എല്ലാററിനുമുപരിയായി, ആ ഏകാന്തവാസം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന ദിവ്യസക്രാരിയിലേക്കെന്നെ അതിശക്തിയായി ആകർഷിക്കുന്നു!... ആത്മവല്ലഭാ, അന്നു നസ്രസിലെ രഹസ്യജീവിതത്തിൽ അങ്ങേ ആരാധിക്കുവാൻ കന്യകാമാതാവും യൗസേപ്പുപിതാവുമുണ്ടായിരുന്നു. എന്നാൽ ഈ സ്നേഹകാരാഗൃഹത്തിലെ വാസത്തിലാകട്ടെ അങ്ങേ ആരാധിക്കുവാൻ മിക്കപ്പോഴും ഒരുവൻപോലുമില്ല. ഭയങ്കരമായ നിശ്ശബ്ദത, ശ്മശാനഭൂമിയിലെ നിശ്ശബ്ദതയാണ് പലപ്പോഴും അവിടെ അനുഭവപ്പെടുന്നത്. സ്നേഹദ്യോതകമായ ഒരു നോക്കോ, സ്തോത്രപരമായ ഒരു വാക്കോ, പരിഹാരസൂചകമായ ഒരു നെടുവീർപ്പുപോലുമോ ആ ഭയങ്കര നിശ്ശബ്ദതയെ ഭേദിക്കുന്നില്ല. വാനദൂതരുടെ സ്തോത്രഗീതങ്ങളൊഴിച്ചാൽ!

നാഥാ, ദിനരാത്രങ്ങൾ അങ്ങേ പാദാന്തികത്തിൽ ചെലവഴിക്കാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ! സ്തോത്ര ഗീതങ്ങളുടെയും പാപപരിഹാരത്തിൻെറയും ബലിവസ്തുവായി സ്നേഹനിർഭരമായ ഒരു ഹൃദയം അങ്ങേയ്ക്കർപ്പിക്കാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ! ദിവ്യകാരുണ്യനാഥാ, സ്നേഹസ്വരൂപാ, എൻെറ അഭിലാഷത്തെ അങ്ങു കാണുക; അതിൽ സംതൃപ്തനായി സ്നേഹപൂർവ്വം അങ്ങ് എന്നെ കടാക്ഷിക്കുകയും ചെയ്യേണമെ!

സ്നേഹപൂർവ്വം നോക്കി:– സുവിശേഷത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഹൃദയാവർജ്ജകമായ ആ ഭാഗം– പുണ്യപൂർണ്ണതാമാർഗ്ഗത്തെ അനന്തജ്ഞാനമായ ദിവ്യനാഥനോടു അന്വേഷിക്കുന്ന ധനികനായ ആ യുവാവിൻെറ ചിത്രം– പലപ്പോഴും എൻെറ മനോമുകുരത്തിൽ പ്രതിബിംബിക്കാറുണ്ട്. സൽഗുരോ, ഞാൻ എന്തു ചെയ്യണം നിത്യരക്ഷ പ്രാപിക്കാൻ? അയാൾ ചോദിച്ചു. . . സ്നേഹനാഥൻ അയാളെ നോക്കി. സത്യാന്വേഷണത്തിൽ അയാൾക്കുള്ള അഭിലാഷം, സുകൃത ജീവിതത്തിനുള്ള അഭിനിവേശം, ക്രിസ്തുനാഥനെ സംപ്രീതനാക്കി. . . സ്നേഹവികാരങ്ങളാൽ അവിടുത്തെ ഹൃദയം സ്പന്ദിച്ചു; മുഖം പ്രകാശിച്ചു. അനന്തസ്നേഹമായ ദൈവത്തിൻെറ അപരിമേയ സ്നേഹം മുഴുവൻ അവിടുത്തെ നയനങ്ങളിൽ പ്രതിബിംബിച്ചു. ആ യുവാവിൽ അവ പതിഞ്ഞു. . . "നിനക്കുള്ളതെല്ലാം വിററു ദരിദ്രക്കു കൊടുത്തിട്ട് ദരിദ്രനായി വന്ന് എന്നെ അനുഗമിക്കുക". . . സങ്കടത്തോടുകൂടി ധനികനായ ആ യുവാവ് അവിടെനിന്നു പൊയ്ക്കളഞ്ഞു! ലൌകികസമ്പാദ്യങ്ങൾ സ്ഥാനമാനങ്ങൾ വിനോദോല്ലാസങ്ങൾ തുടങ്ങിയവ ആയിരുന്നു അയാൾ വിലമതിച്ചതു്; ദൈവത്തെക്കാളും ദൈവസേവനത്തെക്കാളും. തൻമൂലം ആ ക്ഷണം അയാൾ നിരസിച്ചു. . . ആ ദിവ്യാഹ്വാനത്തെ വിഭാഗിച്ചെന്നിരുന്നെങ്കിൽ, അപ്പോസ്തലഗണത്തിൽ അയാളും ഇന്നു വണങ്ങപ്പെട്ടേമായിരുന്നു. . . എന്നാൽ, ആ ആമന്ത്രണത്തെ നിരസിച്ചതിനാൽ അയാളുടെ ശബ്ദവും നാം കേൾക്കുന്നില്ലേ, ദുഃഖ

വെള്ളിയാഴ്ച കാൽവരിയിലെ അന്തരീക്ഷത്തിൽ മാറെറാലികൊണ്ട "അവനെ ക്രൂശിക്കുക ക്രൂശിക്കുക" എന്ന പൈശാചിക മുറവിളിയിൽ?

ദിവ്യയീശോ, നിത്യത്വംമുതൽ അങ്ങു സസ്നേഹം എന്നെ കടാക്ഷിച്ചു, ഇപ്പോഴാകട്ടെ, തിരുവോസ്തിയിൽ മറഞ്ഞിരുന്നുകൊണ്ട് അവിടുന്നെന്നെ അഭിവീക്ഷിക്കുന്നു... ഒരു ചെറിയ ത്യാഗം അനുഷ്ഠിക്കുവാൻപോലും ഭീരുത്വം കാണിച്ചുകൊണ്ട്, ഞാനും എത്ര പ്രാവശ്യം അങ്ങേ വേദനിപ്പിച്ചിട്ടില്ല! ഇന്നും, അവിടുന്ന് ചില പരിത്യാഗങ്ങൾ എന്നിൽനിന്നു പ്രതീക്ഷിക്കുന്നുണ്ട്. അവയുടെ അനുഷ്ഠാനം, അങ്ങയോടെന്നെ ഒരു പടികൂടി അടുപ്പിക്കുമെന്നെനിക്കറിയാം; അങ്ങേ അനുഗ്രഹാരുവിനിർബാധം എന്നിലേക്കു ഒഴുകിത്തുടങ്ങുന്നതിനുള്ള ഒരു പ്രതിബന്ധം തകരുമെന്നെനിക്കറിയാം. പക്ഷെ, നാഥാ, അതിന് എനിക്കാവശ്യകമായ ഔദാര്യമില്ല; ധൈര്യവുമില്ല. തൻമൂലം, ഞാനും സങ്കടത്തോടുകൂടി മുഖം തിരിച്ചുകളയുന്നു അങ്ങയുടെ ദിവ്യാഹ്വാനത്തിൽനിന്ന്! എങ്കിലും നാഥാ, അങ്ങേ ദിവ്യചക്ഷുസ്സുകൾ എന്നിൽനിന്നു തിരിച്ചുകളയരുതേ! പ്രത്യുത; പ്രകാശവും ധൈര്യവും അവ എനിക്കു പ്രദാനം ചെയ്യട്ടെ പരിത്യാഗശകലങ്ങൾ അങ്ങേക്കർപ്പിക്കുന്നതിനും പ്രലോഭനങ്ങളോടു പടവെട്ടുന്നതിനും!... എൻെറ സദ്ദ്യമത്തിൽ സംപ്രീതനായി! സ്നേഹപൂർവ്വം അവിടുന്നെന്നെ കടാക്ഷിക്കേണമെ!

ദിവ്യകാരുണ്യസ്ഥാപനം:— ദിവ്യനാഥാ; അന്തിമഭോജനവേളയിൽ അങ്ങ് അപ്പം കയ്യിലെടുത്തുകൊണ്ട് നന്ദിസൂചകമായി കണ്ണുകളെ സ്വർഗ്ഗീയ പിതാവിൻ പക്കലേക്കുയർത്തിയിട്ട് സസ്നേഹം ചുററും നിന്നിരുന്ന ശിഷ്യഗണത്തിൻെറമേൽ, പതിപ്പിച്ച രംഗം എൻെറ സ്മൃതിമണ്ഡലത്തിൽ എത്തിച്ചേരുന്നു. തിരുവോസ്തിയിൽ ഒളിഞ്ഞിരുന്നുകൊണ്ട് ഇപ്പോൾ അവിടുന്നു സ്നേഹപൂർവ്വം എന്നെയും നോക്കുന്നു... ദിവ്യകാരുണ്യസ്ഥാപനവേളയിൽ തീവ്രവികാരങ്ങളാൽ അങ്ങു മതിമറന്നു

പോയി. അവിടുത്തെ ഹൃദയത്തിൽ അങ്കുരിക്കുത്തിയിരുന്ന സ്നേഹാനലത്തിന്റെ നേരിയ സ്ഫുലിംഗമത്രെ "നിങ്ങളെ അനാഥരായി ഞാൻ ഉപേക്ഷിക്കുകയില്ല" എന്ന മാധുര്യപൂർണ്ണമായ ആ വാക്യശകലം.

സക്രാരിയിൽ സന്നിഹിതനായികൊണ്ട് ഞങ്ങളോടു സഹവസിക്കുവാൻ, സംഭാഷിക്കുവാൻ ഞങ്ങളെ സമാശ്വസിപ്പിക്കുവാൻ, സന്നദ്ധനായ സ്നേഹസ്വരൂപാ, അവിടുത്തെ കരുണാകടാക്ഷം അനുസ്യൂതം എന്റെമേൽ പതിയട്ടെ! അങ്ങു സദാ എന്റെ സമീപേയുണ്ടെന്ന് എന്നെ അനുസ്മരിപ്പിക്കേണമെ! "നിന്റെ ആനന്ദം സമ്പൂർണ്ണമാകുവാൻവേണ്ടി എന്നിൽ വസിക്കുക" എന്ന അങ്ങേ സ്നേഹശാസനം ഇടവിടാതെ എന്റെ ശ്രവണപുടങ്ങളിൽ മാറ്റൊലിക്കൊള്ളട്ടെ! നാഥാ, അവിടുന്നാണ്, എന്റെ ആത്മാവിന്റെ അനർഘനിക്ഷേപം; ഹൃദയത്തിന്റെ സ്നേഹഭാജനം; ജീവിതത്തിന്റെ സനാതനാനന്ദവും! അങ്ങേ പാദാന്തികത്തിൽ സദാ സ്ഥിതിചെയ്യുവാൻ എനിക്കു വരമരുളുക; വിചാരത്തിലെങ്കിലും എപ്പോഴും ഞാൻ അവിടെ ആയിരിക്കട്ടെ; തദ്വാരാ അങ്ങേ സ്നേഹവീക്ഷണങ്ങൾക്കു വിധേയനും.

ക്രൂശുംകൊണ്ട്— ആത്മനാഥാ, അവർണ്ണനീയപീഡകൾ സഹിച്ചുകൊണ്ട് എന്നെ വീണ്ടുകൊള്ളുവാൻ തിരുവുള്ളമുണ്ടായതിന്, അങ്ങേയ്ക്കു ഞാൻ നന്ദിപറയുമ്പോൾ, സ്നേഹപൂർവ്വം അങ്ങു വീണ്ടും എന്നെ നോക്കുന്നല്ലോ! ഭാരമേറിയ കുരിശുംകൊണ്ട് കാൽവരിയിലേക്കുള്ള ക്ലേശപൂർണ്ണമായ മാർഗ്ഗത്തിൽക്കൂടി അങ്ങു വലിഞ്ഞിഴയുന്നു... അതാ ക്രൂരരായ പടയാളികളുടെ മദ്ധ്യേക്കൂടി പൈശാചിക മനസ്കരായ ജനത്തിയുടെയിടയിൽക്കൂടി, അങ്ങേ ദിവ്യമാതാവു മുമ്പോട്ടു വരുന്നു... വ്രണിതശരീരനായി, രക്താഭിഷിക്തനായിരിക്കുന്ന അങ്ങേ പാദത്തിൽ അവൾ നിപതിക്കുന്നു!... 'മുൾക്കിരീടത്താൽ ക്ഷതനിർഭരമായ, ആ ദിവ്യശിരസ്സ്, അങ്ങു മെല്ലൊന്നു കുനിക്കുന്നു. ക്ഷീണത്താൽ മങ്ങിയതെങ്കിലും, കൃതജ്ഞതാഭരിതവും സ്നേഹസംപൂർണ്ണവുമായ ആ ദിവ്യനയന

ങ്ങൾ; അവളുടെമേൽ അഞ്ചു പതിക്കുന്നു!... മാതാവി ന്റെയും പുത്രന്റെയും ദൃഷ്ടികൾ തമ്മിലിടയുന്നു!... വി കാരതരളിതങ്ങളായ ആ ഹൃദയങ്ങൾ ആശയങ്ങൾ പ രസ്പരം പകരുന്നു!... "എന്റെ മകനേ..." "എന്റെ അമ്മേ..." ഹ്രസ്വങ്ങളായ വാക്യശകലങ്ങൾ— പ ക്ഷേ; മഹാഗ്രന്ഥങ്ങൾ നിറക്കത്തക്ക ആശയങ്ങളാണ് അവ ഉൾക്കൊണ്ടിരിക്കുന്നത്! ആ ദിവ്യഹൃദയങ്ങളിൽ അലതല്ലിയിരുന്ന ആയിരമായിരം വികാരപരമ്പരകളാ ണവ ഉൾക്കൊണ്ടിരിക്കുന്നത്!

ദിവ്യകാരുണ്യനാഥാ, അങ്ങേയ്ക്കു ചുറ്റും തിക്കിക്കൂ ടിയിരിക്കുന്നവരും മിക്കപ്പോഴും അങ്ങേ ശത്രുക്കൾതന്നെ യാണ്. പാപികളിൽനിന്നു പീഡനങ്ങളും കൃതഘ്നരായ മനുഷ്യരിൽനിന്നു പരിഹാസങ്ങളുമാണ് ഇന്നും അങ്ങേ യ്ക്കു ലഭ്യമാകുന്നത്... നാഥാ, പീഡിതനായിരിക്കുന്ന, പരിത്യക്തനായിരിക്കുന്ന, അങ്ങേപ്പക്കൽ ഞാൻ വരന്നെ ത്തും! അവിശ്വാസികളുടെ നിന്ദനം എന്നെ നിരുന്മേ ഷനാക്കുകയില്ല; പാപികളുടെ ഭത്സനം എന്നെ പിന്തി രിപ്പിക്കുകയുമില്ല!.., അഭക്തരുടെ ദൈവദോഷങ്ങൾ ക്കും, നാമമാത്ര ക്രിസ്ത്യാനികളുടെ മന്ദജീവിതത്തിനും ഞാൻ പരിഹാരം ചെയ്യും; അങ്ങേ ആശ്വസിപ്പിക്കും... നാഥാ, എന്റെ നന്മനസ്സിൽ സംപ്രീതനായി സ്നേഹവാ യ്പ്പും എന്നെ അഭിവീക്ഷിച്ചാലും!

കുരിശിന്മേൽ:— വർണ്ണനാതീതമായ തീവ്രയാതന കൾ സഹിച്ചുകൊണ്ട് ഈശോനാഥൻ ഇതാ കുരിശു മരത്തിൽ തൂങ്ങിക്കിടക്കുന്നു. അവിടത്തെ സുന്ദരവദനം രക്തപങ്കിലമായി വികൃതമായിരിക്കുന്നു; അധരപല്ലവ ങ്ങൾ വാടിവരണ്ടും. എങ്കിലും, ആ നയനങ്ങളുടെ സ്നേ ഹം സ്ഫുരിക്കുന്ന പ്രകാശം മാത്രം അഭംഗമായി കാണ പ്പെടുന്നുണ്ട്... ഇതാ, ആ നയനങ്ങൾ സ്വർഗ്ഗത്തി ലേക്കുയർത്തപ്പെടുന്നു, നിത്യപിതാവിനോടാവലാതിപ്പെ ടാൻ, തന്നെ പരിത്യജിച്ചതിനെപ്പറ്റി... വീണ്ടും, അവ താഴ്ത്തപ്പെടുന്നു; കുരിശിൻചുവട്ടിൽ നില്ക്കുന്ന ദിവ്യ

മാതാവിനോടും യോഹന്നാനോടും വാത്സല്യപൂർവ്വം ന
ന്ദിപ്രദർശിപ്പിക്കാൻ, അവിടെ സന്നിഹിതരായതിനെ
ക്കുറിച്ച്...... ചുററുമുള്ള ജനതതിയുടെമേൽ പതിയു
ന്നു; സഹതാപം പ്രകടിപ്പിക്കാൻ അവരുടെ അജ്ഞ
തയെക്കുറിച്ച്... ആർക്കുവേണ്ടി താൻ ഈ കഠിന യാത
നകൾ സഹിക്കുന്നുവോ, ആർക്കുവേണ്ടി തൻെറ ജീവ
രക്തം തുള്ളിതുള്ളിയായി ചിന്തുന്നുവോ, ആർക്കുവേണ്ടി
സ്വന്തം ജീവനെ ബലിയർപ്പിക്കുന്നുവോ, ആ ജനത, ഇ
നിയും അന്ധകാരത്തിൽ നട്ടംതിരിയുന്നതു്, വിനാശ
ത്തിൻെറ വിസ്തീർണ്ണമായ വഴിയിൽ വ്യാപരിക്കുന്നതു്
അവിടുന്നു കാണുന്നു; ആ സ്നേഹഹൃദയം തകരുന്നു. അ
തിൻെറ പ്രതിധ്വനിയല്ലയോ "എനിക്കു ദാഹിക്കുന്നു"
എന്ന ആ പ്രവചനം?

ദിവ്യനാഥാ, കുരിശിലെന്നതുപോലെ ഈ സക്രാ
രിയിലും അങ്ങു പരിത്യക്തനായി പ്രത്യക്ഷപ്പെടുന്നു–
അങ്ങെ ഹൃദയപൂർവ്വം സ്നേഹിക്കേണ്ട ആത്മാക്കളാൽ പ
രിത്യക്തനായി! അങ്ങു ദാഹമനുഭവിക്കുന്നു, മനുഷ്യസ്നേ
ഹത്തിനുവേണ്ടി ദുസ്സഹമായ ദാഹം. നാഥാ, എനിക്ക്
അങ്ങേ സന്നിധിയിൽ സദാ സ്ഥിതിചെയ്തുകൊണ്ടു്, അ
ങ്ങയെ ആശ്വസിപ്പിക്കാൻ സാധിച്ചിരുന്നെങ്കിൽ! അ
ങ്ങെ എരിയുന്ന ദാഹത്തെ സ്വല്പമെങ്കിലും ശമിപ്പി
ക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! സ്നേഹനിധേ, എൻെറ ആ
ഗ്രഹത്തെ കരുണാപൂർവ്വം തൃക്കൺപാർക്ക; എൻെറ സന്മ
നസ്സിൽ സംപ്രീതനായി, സ്നേഹപൂർവ്വം എന്നെ കടാക്ഷി
ക്കുകയും ചെയ്യേണമെ!

പ്രഭാപൂരത്തെ പ്രസരിപ്പിച്ചുകൊണ്ടു്:– സ്വർഗ്ഗക
വാടം ഇതാ തുറക്കപ്പെടുന്നു... വാനദൂതഗണവും വിശു
ദ്ധാത്മാക്കളും ദൈവമാതാവും ആനന്ദാശ്ചര്യസ്തബ്ധരാ
യി സ്വർഗ്ഗീയരാജാവിൻെറ ചുററും കൂടുന്നു... കാരണമെ
ന്തെന്നോ അവരുടെ ഈ ആനന്ദത്തിനും വിസ്മയത്തി
നുമെല്ലാം? കൊള്ളാം; എൻെറ പാവപ്പെട്ട ആത്മാവി
നെപ്പററി സ്വർഗ്ഗാധിനാഥൻ ചിന്തിക്കുന്നുവെന്നുള്ളതു്;

പ്രാകൃതമായ ഈ ആത്മാവിനെ നിത്യസൗന്ദര്യം സ്നേഹിക്കുന്നു എന്നാണുള്ളത്. അവിടുത്തെ സുശക്തങ്ങളായ ഹസ്തങ്ങൾ എന്നെ അനുഗ്രഹിക്കാനായി ഉയർത്തപ്പെട്ടിരിക്കുന്നു എന്നുള്ളത്... ദിവ്യസക്രാരിക്കു സമീപത്തേക്കുള്ള എൻെറ ആഗമനത്തെപ്പററി ഓർക്കുമ്പോൾ, ദിവ്യവിരുന്നിനുള്ള എൻെറ അണയലിനെപ്പററി സ്മരിക്കുമ്പോൾ അവിടുത്തെ നയനങ്ങൾ ആനന്ദത്താൽ ദീപ്തിമത്താകുന്നു. മുഖം സന്തോഷത്താൽ പ്രകാശിതമാകുന്നു; ഹൃദയം സ്നേഹത്താൽ വികസിതമാകുന്നു! മതിമറന്ന് അവിടുന്നു ആശ്ചര്യോദ്ഘോഷം ചെയ്യുന്നു. "എൻെറ പ്രിയേ, നിൻെറ സാന്നിദ്ധ്യം എന്നെ പുളകം കൊള്ളിക്കും... ബഹുശതം ആത്മാക്കളുടെ സ്നേഹരാഹിത്യത്തിന്, നന്ദികേടിന്, കൃതഘ്നതാപാരമ്യത്തിന് ക്രൂരപീഡനങ്ങൾക്ക് സമ്യക്കായ പരിഹാരമായിത്താൻ വ കൃവച്ചുകൊള്ളാം ഒരു നിർമ്മലാത്മാവിൻെറ സ്നേഹത്തെ, പ്രേമപൂജയെ!!

എൻെറ മഹത്വപൂർണ്ണനായ പ്രിയൻെറ പ്രഭാപ്രസരിതമായ സ്നേഹവീക്ഷണം! അപരിമേയനായ ദൈവത്തിൻെറ അപരിമിത സ്നേഹം! അതിൻെറ ഒരു തരിമതി സംഖ്യാതീതങ്ങളായ സ്വർഗ്ഗീയ സേനകളെ ഒന്നടങ്കം ആനന്ദസാഗരത്തിൽ ആറാടിക്കാൻ! ദിവ്യാംബികയുടെ വിമലഹൃദയത്തെപ്പോലും ഹർഷോന്മത്തമാക്കാൻ! അതിൻെറ ഒരു പൊരിക്കു സാധിക്കും സൃഷ്ടിജാലങ്ങളെല്ലാംകൂടി ഒന്നിച്ചു ചെയ്യുന്നതിനെക്കാൾ കൂടുതൽ ബഹുമാനവും മഹത്വവും നിത്യപിതാവിനു സമർപ്പിക്കാൻ!.. ആ സ്നേഹം, അപരിമേയമായ ആ സ്നേഹം തിരുവോസ്തിയിൽ കുടികൊള്ളുന്നു, അതിൻെറ പരിപൂർണ്ണതയുടെ തികവിൽ!!!... ഹാ! ആ ദിവ്യസ്നേഹം, തിരുവോസ്തിയിൽ കുടികൊള്ളുന്ന ആ അപരിമിതസ്നേഹം ഏകീകൃതമാകുന്നു— മുട്ടുകുത്തിക്കൊണ്ടേ ഈ വരികൾ ഞാൻ വായിക്കാവൂ— ഏകാഗ്രമാകുന്ന പാവപ്പെട്ട എന്നിൽ!! ദിവ്യസക്രാരിക്കു സമീപം സ്ഥിതിചെയ്യാലും കൊള്ളാം, വിദൂരതയിൽ അധിവസിച്ചാലും കൊള്ളാം, ലോകവ്യഗ്രത

കളിൽ നട്ടംതിരിഞ്ഞാലും കൊള്ളാം, ശത്രുക്കളുടെ നടുവിൽനിന്നു പടവെട്ടിയാലും കൊള്ളാം, അങ്ങേ ദയാദൃഷ്ടി എൻെറമേൽ പതിഞ്ഞിരിക്കും! ദൈവദൂതന്മാർ എങ്ങനെ വിസ്മയിക്കാതിരിക്കും? വിശുദ്ധാത്മാക്കൾ എങ്ങനെ അശ്ചര്യപരതന്ത്രരാകാതിരിക്കും? എൻെറ വത്സലമാതാവ് എങ്ങനെ ആനന്ദബാഷ്പം പൊഴിക്കാതിരിക്കും?

X X X

ഓരോ സുകൃതം അഭ്യസിച്ച് പരിത്യാഗം അനുഷ്ഠിച്ച്, സ്വർഗ്ഗീയമഹിമ സമ്പാദിക്കാൻ നീ തത്രപ്പെടേണ്ടാ; വരുക ദിവ്യനാഥനെ പ്രാപിക്കുക; അവിടത്തെ ജ്വലിച്ചെരിയുന്ന സ്നേഹാനലനിൽ നിന്നെത്തന്നെ നിക്ഷേപിക്കുക; ദിവ്യനാഥൻെറ സൗന്ദര്യത്തെപ്പററി ചിന്തിക്കുക; സ്നേഹത്തെപ്പററി ധ്യാനിക്കുക; നിനക്കു സ്നേഹം ലഭിക്കും, സ്നേഹം സർവ്വശക്തമാണ് ദൈവത്തിൻേറയും മനുഷ്യരുടേയും പക്കൽ.

X X X

ജീവേശാ, എൻെറ ആത്മാവും ഹൃദയവും അങ്ങയുടെ സാമീപ്യത്തിനുവേണ്ടി, സാന്നിദ്ധ്യത്തിനുവേണ്ടി വെമ്പൽ കൊള്ളുന്നു!

## 6. പറുദീസാ.

ദിവ്യകാരുണ്യപറുദീസാ:– സൗഭാഗ്യം! – മനുഷ്യഹൃദയം അതിനായി സദാ വെമ്പൽ കൊള്ളുകയാണ്. സൗഭാഗ്യം, വികലമായ, പരിപൂർണ്ണമായ സൗഭാഗ്യത്തിനുവേണ്ടി മനുഷ്യമനസ്സ് ഉഴറുകയാണ്. ഒരു ഭൗമികപറുദീസായെ പലരും വിഭാവനം ചെയ്യുന്നുണ്ട്. സ്വർണ്ണനാണയങ്ങളുടെ കൂമ്പാരത്തിലാണ് സൗഭാഗ്യത്തെ ചിലർ അന്വേഷിക്കുന്നത്! ലോകബഹുമാനങ്ങളുടെ സമാർജ്ജനത്തിലാണ് അതിനെ മററു ചിലർ തിരയുന്നത്! ജഡികാഭിലാഷ സംപൂർത്തിയിലാണ് ബഹുഭൂരിപ

ക്ഷം ആളുകളും അതിനെ തേടി നടക്കുന്നത്. മൗഢ്യം! ബുദ്ധിമാനായ മനുഷ്യൻെറ മൂഢത! വിജ്ഞാനിയെന്നഭിമാനിക്കുന്ന മനുഷ്യൻെറ അജ്ഞത!

സക്രാരിയിൽ സ്നേഹദാസ്യമനുഭവിക്കുന്ന ദിവ്യരക്ഷകനോട് നമുക്കു ചോദിക്കാം. "നാഥാ, യഥാർത്ഥ സൗഭാഗ്യം ഈ ലോകത്തിൽ ഞങ്ങൾക്കു സംപ്രാപ്യമോ?" എന്ന്. "എങ്കിൽ, എവിടെ?" എന്ന്. അവിടുന്ന് ഉത്തരമരുളും "യഥാർത്ഥ സൗഭാഗ്യം ഈ ലോകത്തിലും സുപ്രാപ്യമാണ്; ഒരു ഭൗമിക പറുദീസാ; സൗഭാഗ്യസംപൂർണ്ണമായ, സമാശ്വാസ സംദായകമായ ഭൗമിക പറുദീസാ! അവിടെ ലഭ്യമാകുന്ന ആനന്ദത്തിൻെറയും സന്തുഷ്ടിയുടെയും നേരിയ ഒരു സ്മരണ മതി മനുഷ്യഹൃദയത്തെ പുളകം കൊള്ളിക്കുന്നതിന്!!

"ഏതാണെന്നോ ഈ പറുദീസാ?" കൊള്ളാം. ഞാൻ സന്നിഹിതനായിരിക്കുന്ന ഈ സക്രാരി; ദിവ്യകാരുണ്യത്തിലെ എൻെറ സാന്നിധ്യം, എൻെറ സാമീപ്യം!

ഹാ! എത്ര മാധുര്യപൂർണ്ണവും സമാധാനസംദായകവുമായ സ്മരണ! "കണ്ണുനീരിൻെറ താഴ്വരയിൽ" സൗഭാഗ്യസംപൂർണ്ണമായ സ്വർഗ്ഗീയ സുഖം സംപ്രാപ്യമെന്ന്. ഒരു ഭൗമിക പറുദീസാ എനിക്കു ലഭ്യമാണെന്ന്! എത്രയെത്ര മധുരസ്മരണകൾ ഈ വാക്യശകലങ്ങൾ എന്നിൽ ഇളക്കി വിടുന്നില്ല!... ദിവ്യനാഥൻെറ സ്നേഹകാരാഗൃഹമാകുന്ന സക്രാരിയത്രെ ഈ പറുദീസാ!

സ്വർഗ്ഗമഹിമ നുകരുന്ന വിശുദ്ധാത്മാക്കളുടെ ആനന്ദത്തിനു നിദാനമായ ദൈവസാന്നിദ്ധ്യം ഇവിടെയുമില്ലേ? മഹത്വപൂർണ്ണമായ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന സജീവ ദൈവത്തിൻെറ ഏക കുമാരനല്ലേ ഇവിടെ സന്നിഹിതനായിരിക്കുന്നത്? അവിടുത്തേക്കാൾ ഉൽകൃഷ്ടമായി, അഭികാമ്യമായി, ആരാധ്യമായി സ്വർഗ്ഗത്തിലും എന്താണുള്ളത്? ഉവ്വ്, സ്വർഗ്ഗീയസേനകളുടെ കണ്ണും കരളും കുളിർപ്പിക്കുന്ന ആ ദിവ്യ സൗന്ദര്യം പരിപൂർണ്ണമായി തിരുവോസ്തിയിൽ സന്നിധി ചെയ്യുന്നു.

സ്വർഗ്ഗത്തിലും ഭൂമിയിലും വെച്ച് ഏററം ഉൽകൃഷ്ടമായതാണ് ഞാൻ ദർശിക്കുന്നത് തിരുവോസ്തിയെ വീക്ഷിക്കുമ്പോൾ!

ഹൃദയാഭിലാഷമേ, ജീവിതാനന്ദമേ, ക്ലേശപൂർണ്ണമായ ഈ ലോകത്തിലും അങ്ങൊരു പറുദീസാ ഒരുക്കിയല്ലൊ എനിക്കുവേണ്ടി– ദിവ്യകാരുണ്യം! ആദിമാതാപിതാക്കന്മാർക്കു ലഭ്യമായ ഏദൻതോട്ടം എത്ര നിസ്സാരമല്ല ഇതിനോടു തുലനം ചെയ്യുമ്പോൾ! അവിടെ ജീവന്റെ വൃക്ഷം അവിടുന്നു നട്ടുപിടിപ്പിച്ചു, അതിന്റെ ഫലം ആദവും ഹവ്വായും ഭക്ഷിക്കുന്നതിന്; ഇവിടെയോ എന്നാൽ, നിത്യജീവന്റെ അച്ചാരമായ അങ്ങേ മാംസരക്തങ്ങൾ ഒരുക്കപ്പെട്ടിരിക്കുന്നു എന്റെ ഭക്ഷണമായി! അവിടെ, ചിലപ്പോഴൊക്കെ അവിടുന്ന് പ്രത്യക്ഷനായി അവരോടു സംഭാഷിച്ചിരുന്നു; ഇവിടെ, എന്റെ സന്തതസഹചാരിയാണവിടുന്ന്! ഒരിക്കലും അവിടുന്നെന്നെ വിട്ടുപിരിയുന്നില്ല, യഥേഷ്ടം എനിക്കങ്ങേ സന്ദർശിക്കാം; സ്വതന്ത്രമായി സംസാരിക്കാം; മതിവരുവോളം സഹവസിക്കാം. അങ്ങയോടുള്ള സഹവാസം– അത് എത്ര ആനന്ദപ്രദം; എത്ര സൗഭാഗ്യദായകവും!

സൈന്യങ്ങളുടെ നാഥാ, അവിടുത്തെ കൂടാരങ്ങൾ എത്രയൊ അഭികാമ്യങ്ങൾ! അവയിൽ നിവസിക്കുന്നതിന് എന്റെ ആത്മാവ് ഉഴറുന്നു. എന്റെ ഹൃദയവും ശരീരവും വെമ്പൽ കൊള്ളുന്നു, ഈ ലോകമാകുന്ന മണലാരണ്യത്തിൽനിന്ന് അങ്ങേപ്പക്കൽ പറന്നെത്താൻ!

അദ്ധ്വാനത്താൽ ക്ഷീണിക്കുമ്പോൾ, നാഥാ, ഞാൻ അങ്ങേ മടിയിൽ അഭയം തേടും വിശ്രമത്തിനായി എത്ര മാധുര്യപൂർണ്ണമായിരിക്കുകയില്ല ആ വിശ്രാന്തി! പ്രലോഭനകാർമ്മേഘങ്ങൾ എന്റെ ഹൃദയാന്തരീക്ഷത്തിൽ തിങ്ങിക്കൂടുമ്പോൾ അങ്ങേ പാദാന്തികത്തിൽ പറന്നെത്തും, സന്താപാശ്രുക്കൾ പൊഴിച്ച് എന്റെ ഹൃദയഭാരം ലഘൂകരിക്കാൻ; എത്ര ദയാപുരസ്സരമായിരിക്കുകയില്ല അങ്ങയുടെ ദിവ്യസാന്ത്വനം. പീഡനങ്ങളാകുന്ന പ്രചണ്ഡമാരുതൻ ആഞ്ഞടിച്ച് നിരാശാഗർത്തത്തിൽ എന്നെ നി

പതിപ്പിക്കമെന്നു കാണുമ്പോൾ സുശക്തമായ അങ്ങേ കരവലയത്തിനുള്ളിൽ ഞാൻ ശരണംഗമിക്കും സഹായ മഭ്യർത്ഥിച്ചുകൊണ്ട്. എത്ര അഭികാമ്യമായിരിക്കുകയില്ല തൻമൂലം എനിക്കു ലബ്ധമാകുന്ന ആശ്വാസം!

ഈ പറുദീസായിലാണ് അദ്ധ്വാനങ്ങളിലും ക്ലേശങ്ങളിലും ഞാൻ വിശ്രമം കണ്ടെത്തേണ്ടത്; പരാജയങ്ങളിലും പരാഭവങ്ങളിലും സാന്ത്വനം പ്രാപിക്കേണ്ടത്; ദുരിതങ്ങളിലും ബുദ്ധിമുട്ടുകളിലും സമാശ്വാസം കൈക്കൊള്ളേണ്ടതും... ആദ്ധ്യാത്മികശത്രുക്കളോട് ധൈര്യപൂർവ്വം യുദ്ധംചെയ്യുവാൻ ആവശ്യകമായ ശക്തി സംഭരിക്കേണ്ടതു് ഈ വിസ്മയാവഹ ഭക്ഷണത്തിൽനിന്നാണ്... ഹാ! ഈശോയും ഞാനും എത്ര ആനന്ദപൂർവ്വം വസിക്കും ഈ ഭാഗ്യപറുദീസായിൽ!...

എന്നാൽ, കഷ്ടം, ഈ സ്നേഹകാരാഗൃഹത്തിൽ എത്ര ചുരുക്കംപേർ മാത്രം അവിടുത്തെ സന്ദർശിക്കുന്നു!... അതെ, ഈ വിചാരം അവിടുത്തേക്കു മർമ്മഭേദകമാണ്. പലരും, പലരും അവിടെ പ്രവേശിക്കുകയില്ല, എത്തിച്ചേരുകയില്ല, യഥാർത്ഥസൗഭാഗ്യം കണ്ടെത്തുകയുമില്ല...

എനിക്ക്, ഈ പറുദീസായിൽ എത്ര നാളത്തേക്കു വസിക്കാൻ കഴിയും? അവിടെ ഈശോയെ ആരാധിക്കുന്നതിനും സ്നേഹിക്കുന്നതിനും എത്ര നാളത്തേയ്ക്കു കഴിയും?... എൻെറ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുകയല്ലേ?... നാഥാ, ഈ ലോകത്തിൽ എനിക്കുള്ള ഹ്രസ്വമായ സമയത്തിൽ ഒരു നല്ല ഭാഗം, അഥവാ, മുഴുവൻ തന്നെ ദിവ്യകാരുണ്യപറുദീസായിൽ അങ്ങേ സന്നിധിയിലായിരിക്കട്ടെ! ചെലവഴിക്കുന്നതു്. അവിടുന്നു മാത്രമായിരിക്കട്ടെ, എൻെറ തീർത്ഥയാത്രയുടെ നേതാവ്; എൻെറ പ്രവാസത്തിലെ സ്നേഹിതൻ... മഹത്വസംപൂർണ്ണമായ സ്വർഗ്ഗീയ പറുദീസായിലെ നിത്യാനന്ദത്തിലേക്ക്, ഈ ഭൗമികപറുദീസാ വഴി ഞാൻ ഒരുങ്ങട്ടെ, വിശ്വാസം, ശരണം, പ്രത്യാശ തുടങ്ങിയ സുകൃതങ്ങൾ അഭ്യസിച്ചുകൊണ്ട്. എന്നാൽ, സ്വർഗ്ഗീയ പറുദീസായിൽ ഞാൻ വന്നുചേരുന്നതുമുതൽ, അങ്ങേ ദിവ്യസൗന്ദര്യം

അഭിമുഖമായി കാണുന്നതുമുതൽ, വിശ്വാസവും മററും അപ്രത്യക്ഷമാകും; അവയുടെ സ്ഥാനത്തു് സ്നേഹം, ഹൃദയംഗമമായ സ്നേഹം സ്ഥലം പിടിക്കും! .. ആ മംഗല മുഹൂർത്തത്തിനുവേണ്ടി, ഞാൻ ദാഹിക്കുന്നു, അങ്ങയോടുള്ള അവിഭാജ്യമായ ഐക്യത്തിനുവേണ്ടി!

സ്വർഗ്ഗീയ പറുദീസാഃ- സ്നേഹനാഥാ, ദിവ്യകാരുണ്യത്തിൽ സന്നിഹിതനായിരിക്കുന്ന അങ്ങയെ എന്നിൽനിന്നു മറയ്ക്കുന്ന ആ തിരശ്ശീലയെ ദയാപൂർവ്വം ഒന്നു നീക്കേണമെ; അങ്ങേ പ്രഭാപൂർണ്ണമായ സുന്ദരവദനം ഞാൻ ഒന്നു ദർശിക്കട്ടെ! കല്യാണവസ്ത്രവിഭൂഷിതനായി, എന്നെ സ്വീകരിക്കാൻ സഹർഷം എഴുന്നെള്ളുന്ന അങ്ങേ ഒന്നു കാണട്ടെ! നാഥാ, നമ്മുടെ ആ സന്ദർശനത്തിൽ നാം അപരിചിതരല്ലല്ലോ- അൾത്താരയഴിക്കൽ വച്ചുള്ള നമ്മുടെ അനുദിന സന്ദർശനംവഴി, സക്രാരിക്കു സമീപേയുള്ള ദീർഘസംഭാഷണംവഴി നാം സുപരിചിതരല്ലയൊ?

ദിവ്യനാഥാ, ആനന്ദത്തിൻേറയും ആഹ്ളാദത്തിൻേറയും കോരിത്തരിപ്പുകളോടുകൂടിയായിരിക്കും അങ്ങേ സുന്ദരവദനം അതിൻെറ യഥാർത്ഥരൂപത്തിൽ ഞാൻ കാണുന്നതു്; അങ്ങേ മധുരനിസ്വനം ശ്രവിക്കുന്നതു്. ആനന്ദത്താൽ ഞാൻ മതിമറന്നുപോകും, അങ്ങേ സ്നേഹ കരവലയങ്ങൾക്കുള്ളിൽ അമരുമ്പോൾ; ദിവ്യഹൃദയത്തോടു സഗാഢം അമർത്തപ്പെടുമ്പോൾ; അങ്ങേ നിത്യാശ്ലേഷത്തിൽ വിലയം പ്രാപിക്കുമ്പോൾ!

സ്വർഗ്ഗീയ പറുദീസാ! സനാതന സൗഭാഗ്യത്തിൻെറ കേദാരം! നിർമ്മലാനന്ദത്തിൻേറയും സന്തതസമാധാനത്തിൻേറയും വിളനിലം! അവിടെ ദൈവത്തെ ദർശിക്കുക, അങ്ങേയ്ക്കു സമീപം, അഥവാ അങ്ങിൽ ജീവിക്കുക- അതാണു ദിവ്യകാരുണ്യപറുദീസായിൽ നിവസിച്ചതിനുള്ള പ്രതിഫലം! അവിടെ ദൈവവുമായ്, എൻെറ ഏററം നിസ്തുല നിക്ഷേപമായ, അനന്താശ്വാസമായ, രക്ഷയുടെ അച്ചാരമായ ദൈവവുമായി ഞാൻ ഏകീഭവിക്കും!

നാഥാ, അവിടെ, എന്തെല്ലാം രഹസ്യങ്ങൾ– നിഗൂഢരഹസ്യങ്ങൾ– അങ്ങ് എന്നെ ഗ്രഹിപ്പിക്കുകയില്ല! ഇന്ന് എനിക്ക അജ്ഞാതങ്ങളായിരിക്കുന്ന അങ്ങേ നിഗൂഢപ്രവൎത്തനങ്ങൾ അവിടെ പൂൎണ്ണമായി എനിക്ക് അങ്ങു വെളിപ്പെടുത്തിത്തരും. എൻെറ ഓരോ കാലടിയും എത്ര ശ്രദ്ധാപൂർവ്വമാണ് അങ്ങു നിയന്ത്രിച്ചതെന്ന് ഓരോ സാഹചൎയ്യങ്ങളും എത്ര ഉപകാരപ്രദമായ രീതിയിലാണ് അങ്ങു ക്രമപ്പെടുത്തിയതെന്ന്, എനിക്ക നല്കപ്പെട്ട സുഖദുഃഖങ്ങൾ എത്ര സമയോചിതങ്ങളായിരുന്നെന്ന്, എല്ലാം എത്ര സ്നേഹപൂർവ്വമവിടുന്ന് പ്രവൎത്തിച്ചതെന്ന് അന്നു വിസ്മയത്തോടുകൂടി ഞാൻ ഗ്രഹിക്കും. അങ്ങേ അനന്തസ്നേഹത്തിൻെറ ആശ്ചൎയ്യാവഹപ്രവൎത്തനങ്ങളായിരുന്നു അവ ഓരോന്നുമെന്ന് എനിക്ക് അപ്പോൾ മനസ്സിലാകും. ഇന്ന് ദുർഗ്രഹമായ അങ്ങേ ദിവ്യപരിപാലന, അവിടെ എനിക്ക സുഗ്രഹമാ[illegible]. അങ്ങയുടെ ഓരോ പ്രവൃത്തിയിലും എൻെറ നേരെ [illegible]ങ്ങേയ്ക്കുള്ള അനന്തസ്നേഹം പ്രതിഫലിച്ചിരിക്കുന്നതായി ഞാൻ കാണും!!

സ്നേഹരക്ഷകാ, സ്വർഗ്ഗീയപിതാവിനും പരിശുദ്ധാത്മാവിനും, അങ്ങേ ദിവ്യമാതാവിനും, എന്നെ അങ്ങു പരിചയപ്പെടുത്തികൊടുക്കും, അങ്ങേ ദിവ്യകാരുണ്യസ്നേഹത്താൽ കീഴടക്കപ്പെട്ട, സംരക്ഷിക്കപ്പെട്ട, ഒരാത്മാവായി ദിവ്യകാരുണ്യത്തിൻെറ കാവൽദൂതന്മാൎക്ക് അവിടുന്നെന്നെ കാണിച്ചുകൊടുക്കും, ദിവ്യകാരുണ്യസന്നിധിയിൽ പലപ്പോഴും അവരുടെ സഖാവായിരുന്ന എന്നെ. അവരെല്ലാം അനന്ദിക്കും ദിവ്യകാരുണ്യഭക്തിവഴിയായി എനിക്ക ലബ്ധമായ മഹാഭാഗ്യത്തെക്കുറിച്ച്. സക്രാരിക്കുമുമ്പിൽ ഞാൻ സമൎപ്പിച്ച പ്രാൎത്ഥനകാരണം ദൈവസന്നിധിയിൽ കരുണ കണ്ടെത്തിയ ആത്മാക്കൾക്കും ഞാൻ പ്രദൎശിക്കപ്പെടും. തങ്ങളുടെ ശാശ്വതമായ സ്വൎഗ്ഗസൗഭാഗ്യത്തിനു കാരണക്കാരനായ ഉപകൎത്താവിനോട് അവൎക്കുള്ള കടപ്പാട് അവർ ഹൃദയസ്പർശകമായ വിധത്തിൽ പ്രകടിപ്പിക്കും! ദിവ്യകാരുണ്യസന്നിധിയിൽ

ചെലവഴിച്ച സമയത്തിന്റെ വില, ദിവ്യകാരുണ്യ നാഥനു സമർപ്പിക്കുന്ന പ്രാർത്ഥനയുടെ അതുല്യശക്തി, അപ്പോൾ മാത്രമേ പൂർണ്ണമായി ഗ്രഹിക്കാൻ എനിക്കു കഴിയുകയുള്ളൂ

എന്റെ പ്രിയാ, അങ്ങേക്കു് എന്നോടുള്ള അപരിമേയ സ്നേഹത്തെക്കുറിച്ചുള്ള ക്ലേശാവഹമായ ദരിദ്ര ജീവിതത്തിന്, ദുരിതസംപൂർണ്ണമായ ക്രൂശുമരണത്തിന് വിനയാന്വിതമായ സക്രാരിവാസത്തിന് അങ്ങേ പ്രേരിപ്പിച്ച നിഷ്കാമമായ സ്നേഹത്തെക്കുറിച്ചുള്ള ശരിയായ ജ്ഞാനം, പരിമിതമായ മനുഷ്യബുദ്ധിക്കു സാദ്ധ്യമാകുന്ന വിധത്തിൽ, അന്നെനിക്കു സംസിദ്ധമാകും! ഉവ്വ് എന്റെ ഹൃദയനാഥന്റെ അനന്തമായ സ്നേഹസാഗരത്തിലെ ചെറു കല്ലോലങ്ങൾക്കിടയിൽ സാമോദം ഞാൻ നീന്തിക്കളിക്കും; ജീവദായകമായ അതിലെ മധുരജലം തൃപ്തിയാവോളം ഞാൻ പാനം ചെയ്യും!!

പ്രാണേശാ, സ്വർഗ്ഗീയ പറുദീസായിലേക്കു എന്റെ പ്രവേശനത്തിനുള്ള സമയം വേഗം സമാഗതമാകട്ടെ! അങ്ങയുടെ വദനവീക്ഷണത്തിനുള്ള മുഹൂർത്തം അതിവേഗം വന്നണയട്ടെ... എന്നാൽ, നാഥാ, നേരിട്ടു സ്വർഗ്ഗപ്രവേശനത്തിന് ഞാൻ യോഗ്യനാകുന്നതുവരെ ദിവ്യകാരുണ്യപറുദീസായിൽത്തന്നെ ഞാൻ വസിച്ചുകൊള്ളാം; അവിടെവച്ച് എന്നെ വേണ്ടവണ്ണം ഒരുക്കുക. പരിപൂർണ്ണമായി തയാറായതിനുശേഷം മതി സ്വർഗ്ഗത്തിലേക്കെന്നെ ആനയിക്കുന്നത്. ദിവ്യഭോജനം മൂലമുള്ള അനുദിന സന്ദർശനത്താൽ, അങ്ങേ വിസ്മയാവഹമായ പ്രവർത്തനം ഊർജ്ജിതമായിത്തന്നെ എന്നിൽ നടക്കട്ടെ! സ്വർഗ്ഗത്തിൽ ഉൽകൃഷ്ടതരമായ മഹത്വത്തിനും, അങ്ങയോടുള്ള ഗാഢതരമായ ഐക്യത്തിനും അതെന്നെ പ്രാപ്തനാക്കുകയും ചെയ്യട്ടെ!

നാഥാ, എനിക്കെപ്പോൾ കഴിയും "ദിവ്യകാരുണ്യ പറുദീസായിൽ വസിച്ച പ്രിയേ, വരുക. വന്നു നിന്റെ നാഥന്റെ മഹത്വത്തിൽ പ്രവേശിക്കുക" എന്നുള്ള സൗഭാഗ്യപ്രദമായ ക്ഷണം കേൾക്കുന്നതിന്? എപ്പോൾ,

നാഥാ, എപ്പോൾ എനിക്കു സാധിക്കും സനാതനാനന്ദ ഭാഗ്യങ്ങളുടെ കേളീരംഗമായ സ്വർഗ്ഗീയപറുദീസാ യിൽ പ്രവേശിച്ച് കണ്ണു കുളിപ്പിക്കുന്ന അങ്ങേ ദിവ്യ സൗന്ദര്യം ആസ്വദിക്കുന്നതിന്? മനം മയക്കുന്ന അങ്ങേ സ്നേഹാമൃതം നുകരുന്നതിന്? എപ്പോൾ എനിക്കു കഴിയും നാഥാ, എപ്പോൾ എനിക്കു കഴിയും, സ്വർഗ്ഗീയ സേനകളോടുകൂടി "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ . . ." എന്ന സ്തോത്രഗീതം ആലപിച്ച്, അങ്ങെ ദിവ്യപ്രഭാവത്തെ പ്രകീർത്തിക്കുന്നതിന്? അങ്ങെ സ്നേഹഹൃദയത്തിൽ വിലയം പ്രാപിക്കുന്നതിന്?

നാഥാ, ദിവ്യയീശോ, അങ്ങു വിരാജിച്ചാലും ചിരകാലം ദിവ്യകാരുണ്യപറുദീസായിലെ സ്നേഹ സിംഹാസനത്തിൽ! ആചന്ദ്രതാരം അക്ഷയഭാസ്സോടെ വാണരുളിയാലും സ്വർഗ്ഗീയ പറുദീസായിലെ മഹത്വപൂർണ്ണമായ സിംഹാസനത്തിൽ!

അമ്മേൻ.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M 200 *Acc. No.* 14138

This book should be returned on or bef
date last stamped below.

ന ൨00 14138

ഷണ്ണലി.

ന്യൂചി ദൗത്യം.

KOTTAYAM PUBLIC LIBRARY

Call No. M200 Acc. No. 14133

Author മണലി

Title സ്ത്രീമാഹാത്മ്യം